# 6

# കഷ്ടത സഹിക്കുന്ന ജനമായി (ഭാഗം 3)

## ( 4:1 – 11)

### നിങ്ങളുടെ ജഡത്തിനെതിരായ പോരാടൽ (4:1-3)

**[1]ക്രിസ്തു ജഡത്തിൽ കഷ്ടം അനുഭവിച്ചതുകൊണ്ട്, നിങ്ങളും ആ ഭാവം തന്നേ ആയുധമായി ധരിപ്പിൻ. [2]ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷിച്ചിരിക്കും കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല ദൈവത്തിന്റെ ഇഷ്ടത്തിനത്രേ ജീവിക്കേണ്ടതിന്നു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു. കാമാർത്തികളിലും, [3]മോഹങ്ങളിലും വീഞ്ഞുകുടിയിലും വെറിക്കൂത്തുകളിലും മദ്യപാനത്തിലും ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലും നടന്ന് ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയത് മതി.**

3:13–18 ൽ, തന്റെ വായനക്കാരുടെ കഷ്ടതയെ കുറിച്ചാണ് അപ്പൊസ്തലൻ പറയുന്നത്. ക്രിസ്തുവിന്റെ കഷ്ടതയുടെ പശ്ചാത്തലവുമായി താരതമ്യം ചെയ്തു വേണം അവരുടെ കഷ്ടതയെ കാണുവാൻ എന്നായിരുന്നു അവൻ അപേക്ഷിച്ചത്. നോഹയുടെ കാലത്തെ ആളുകൾ ന്യായവിധിയെ അഭിമുഖീകരിച്ചതുപോലെ പത്രൊസിന്റെ കാലത്തെ ആളുകളും ന്യായവിധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു, അന്നു യേശു പോയി പ്രസംഗിച്ചതും ക്രിസ്തുവിന്റെ കഷ്ടതയും പത്രൊസിന്റെ മനസിലേക്ക് വന്നു. 3:19–22 ലെ ഇടക്കു ചേർത്ത അഭിപ്രായത്തിനുശേഷം പത്രൊസ് യേശുവിന്റെ കഷ്ടതയിലേക്ക് തിരിച്ചു വരുന്നു. തങ്ങളുടെ സ്വന്ത ജീവിതത്തിൽ അനുഭവിക്കുന്ന കുഴപ്പങ്ങളെ മനസിലാക്കുവാൻ ക്രിസ്തു അനുഭവിച്ച കഷ്ടതകൾ അറിയണമെന്ന് പത്രൊസ് ആഗ്രഹിച്ചു.

**വാക്യം 1.** യേശു “പാപികൾക്ക് വേണ്ടി മരിച്ചു” എന്ന് അവൻ 3:18–ൽ പറഞ്ഞു. ഇപ്പോൾ അവൻ പറയുന്നു, **ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചു.** പത്രൊസ് ഉപയോഗിച്ച “കഷ്ടത” ഒരുപക്ഷെ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ മുഴുവനും അനുഭവിച്ചതായിരിക്കാം ഉദ്ദേശിച്ചത്. അവൻ പക്വതയിലേക്ക് വളർന്നപ്പോൾ, തന്റെ സ്വന്ത ജനത്തിന്റെ ദേശത്ത് അവൻ ത്യജിക്കപ്പെട്ടതും, നീണ്ട മണിക്കുറുകൾ ജനത്തോട് ഉപദേശിച്ചതും സൗഖ്യമാക്കിയതും, ഉൾപ്പെട്ടിരിക്കാം. ക്രിസ്ത്യാനികൾ കഷ്ടമേൽക്കുമ്പോൾ, ക്രിസ്തുവിന്റെ മാതൃക നോക്കുവാൻ പറഞ്ഞത്, അവന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതമാകാം. എല്ലാ കാര്യത്തിലും അവർ “യേശുവിന്റെ കാൽപാടുകളെ” പിൻപറ്റുകയായിരുന്നു വേണ്ടിയിരുന്നത്. (2:21). അവർ കഷ്ടത അനുഭവിച്ചപ്പോൾ, കർത്താവിന്റെ മാതൃക നോക്കി ധൈര്യം അവലംബിക്കുകയായിരുന്നു വേണ്ടത്. അങ്ങനെയാണ് ഒരു രീതിയിൽ പത്രൊസിന്റെ വാക്കുകൾ മനസി

ലാക്കുവാൻ. എന്നാൽ മറ്റൊന്നു കൂടെയുണ്ട്.

പത്രൊസിന്റെ വാക്കുകളാൽ തന്റെ വായനക്കാരെ ക്രൂശിൽ കർത്താവിന്റെ വീണ്ടെടുപ്പ് പ്രവൃത്തിയിലേക്ക് പ്രത്യേകമായി അവരുടെ ശ്രദ്ധ തിരിക്കുവാനായിരിക്കാം പത്രൊസ് ശ്രമിച്ചത്. അങ്ങനെയെങ്കിൽ, ക്രിസ്തു "ജഡത്തിൽ കഷ്ടതയേറ്റു" എന്നു പറയുന്നതാണ് "പാപികൾക്കു വേണ്ടി അവൻ മരിച്ചു" എന്നു പറയുന്നത് (3:18). അതായിരുന്നു പത്രൊസിന്റെ പോയിന്റ് എങ്കിൽ, ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് വെച്ചേച്ചു പോയ മാതൃകയെ ആയിരിക്കയില്ല അവിടത്തെ പ്രശ്നം. മറിച്ച്, തന്റെ വായനക്കാർ അവരുടെ പഴയ പാപസംബന്ധമായ ജീവിതത്തിലേക്ക് തിരിയാതിരിക്കുവാൻ അവരെ പ്രചോദിപ്പിക്കുന്നത് ക്രിസ്തുവിന്റെ വീണ്ടെടുപ്പ് പ്രവൃത്തികളാണ്. ക്രിസ്തുവിന്റെ ജഡിക ജീവിതകാലത്ത് അനുഭവിച്ച കഷ്ടതയും ക്രൂശിൽ അനുഭവിച്ച കഷ്ടതയും തമ്മിൽ വേർതിരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്മൾ ഒരു തിഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ പത്രൊസിന്റെ മനസിലുണ്ടായിരുന്നത് ക്രിസ്തുവിന്റെ വീണ്ടെടുപ്പ് പ്രവൃത്തികളായിരിക്കും. ക്രൂശിൽ, യേശുവിന്റെ കഷ്ടത സമ്മിശ്രമായിരുന്നു. അത് സംഗ്രഹിച്ച് ഫലവത്താക്കലായിരുന്നു. നമുക്ക് പകരമായുള്ള ക്രിസ്തുവിന്റെ പ്രായശ്ചിത്ത ബലി ആയിരുന്നു അപ്പൊസ്തലന്റെ മനസിൽ ഉണ്ടായിരുന്നത് (2:24; 3:18).

ഗ്രീക്കിലെ മദ്ധ്യ ക്രിയാ വാക്കായ *ഹോപ്‌ലിസോ* തർജ്ജിമ ചെയ്തിരിക്കുന്നതാണ് **ധരിപ്പിൻ** എന്ന വാക്ക്. "നിങ്ങളെ ഒരുക്കുക," അല്ലെങ്കിൽ "തയ്യാറാകുക," എന്നാൽ സൈനിക പ്രസ്താവനകൾക്ക് ആ വാക്ക് ഉപയോഗിച്ചിരുന്നു. സൈനിക സന്ദർഭത്തിലെ അർത്ഥം, "യുദ്ധത്തിന് തയ്യാറാകുക" എന്നാണ് ആ വാക്കിന്റെ ക്രിയ പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്, ആത്മിയ യുദ്ധത്തിൽ ആത്മിയമായ ആയുധം ധരിക്കുന്നതിന് പൗലൊസ് അതിന്റെ നാമമായ *ഹോപ്ലോൺ* ഉപയോഗിച്ചിരിക്കുന്നു (റോമ. 13:12; 2 കൊ. 6:7; 10:4).

പത്രൊസിന്, ക്രിസ്തീയ ജീവിതം എന്നു പറയുന്നത് തിന്മയോട് മര്യാദയായി പോരാടുന്നതിനപ്പുറമായിരുന്നു. അതിൽ എല്ലാറ്റിനേയും-പുറത്താക്കുന്ന യുദ്ധമായിരുന്നു. പൗലൊസ് ഇതേ അർത്ഥത്തിൽ എഫെസ്യലേഖനത്തിൽ മറ്റൊരു വാക്കാണ് 6:11-ൽ ഉപയോഗിച്ചിരിക്കുന്നത്: "പിശാചിന്റെ തന്ത്രങ്ങളോട് പോരാടുവാനായി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ" (1 തെസ്സ. 5:8 നോക്കുക). ക്രിസ്ത്യാനി തന്റെ മനസിലാണ് (*എന്നോയിയാ*) ആയുധം ധരിക്കേണ്ടത് എന്നാണ് പത്രൊസ് പറഞ്ഞത്. ക്രിസ്തു തരുന്ന വിഭവങ്ങളെ മനസിലാക്കുകയും വേണം. എൻഏഎസ്ബിയിൽ **അതേ ഉദ്ദേശം** എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് എൻഐവിയിൽ "അതേ മനോഭാവത്തിൽ" എന്നും എൻആർഎസ്വിയിൽ "അതേ ലാക്കിൽ" എന്നും ആണുള്ളത്. ക്രിസ്തു നമുക്ക് കാണിച്ചു തന്നിരിക്കുന്ന അതേ മനോഭാവത്തിൽ വേണം ക്രിസ്ത്യാനികൾ കഷ്ടതയെ കാണുവാൻ. തങ്ങൾക്ക് നേരിട്ട കഷ്ടതയെ അഭിമുഖീകരിക്കുവാൻ അവർക്ക് കർത്താവ് നൽകിയിരിക്കുന്ന ആയുധങ്ങൾ വേണം എടുക്കുവാൻ.

എന്തുകൊണ്ട് ക്രിസ്ത്യാനികൾ ക്രിസ്തു കാണിച്ചു തന്ന മാനസികാവസ്ഥയിൽ ചിന്തിക്കണം എന്നതിന് പത്രൊസ് നൽകിയ പ്രയോഗം ചർച്ച ചെയ്താൽ അവസാനിക്കാത്തതാണ്: അവൻ **ജഡത്തിൽ കഷ്ടം അനുഭവിച്ചിരിക്കയാൽ പാപം വിട്ടൊഴിഞ്ഞിരിക്കുന്നു**. എൻഏഎസ്ബിയുടെ തർജ്ജിമ അക്ഷരിക

മാണ്, എന്നാൽ അത് ബുദ്ധിമുട്ടുള്ള ചോദ്യങ്ങൾ ഉയർത്തുന്നു. ക്രിസ്ത്യാനി ആകുക എന്നാൽ "ജഡത്തിൽ കഷ്ടത" അനുഭവിക്കുക എന്നാണോ പത്രൊസ് അർത്ഥമാക്കിയത്? ക്രിസ്ത്യാനികൾ ആ സ്വഭാവത്താൽ ഒരിക്കലും പാപം ചെയ്യുകയില്ല എന്നാണോ പത്രൊസ് പറയുന്നത്? മിക്ക ക്രിസ്ത്യാനികൾക്കും "ഞാൻ പാപം വിട്ടൊഴിഞ്ഞിരിക്കുന്നു" എന്നു ധൈര്യത്തോടെ പറയുവാൻ സാധ്യമല്ല. പൂർണ്ണത ഇവിടെയല്ല, വരുവാനുള്ള ലോകത്തിലാണ്. യോഹന്നാൻ എഴുതി, "നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെപോയി" (1 യോഹ. 1:8). ഒരിക്കൽ ക്രിസ്തുവിനെ സ്വന്തമാക്കിയവർ അല്ലെങ്കിൽ "ജഡത്തിൽ കഷ്ടതയനുഭവിക്കുന്ന" ചിലർ പിന്നെ ഒരിക്കലും പാപം ചെയ്യുകയില്ല എന്നല്ല അപ്പൊസ്തലൻ സൂചിപ്പിച്ചത് എന്നു പരിഗണിക്കേണ്ടിയിരിക്കുന്നു. വ്യക്തതക്കായി എൻഐവി അക്ഷരികമായി തർജ്ജിമ ചെയ്യുവാൻ മുതിർന്നിരിക്കുന്നു. ആ വേദഭാഗത്തിന്റെ അർത്ഥം ഈ വിധത്തിലാണ് അത് പറയുന്നത്, "താൻ തന്റെ ശരീരത്തിൽ കഷ്ടത അനുഭവിച്ചതിനാൽ പാപത്തെ ഒഴിച്ചു നിർത്തിയിരിക്കുന്നു." എൻആർഎസ്വി ഇവിടെ പറയുന്നത് "ജഡത്തിൽ കഷ്ടതയേൽക്കുന്നവർ പാപത്തെ അവസാനിപ്പിച്ചിരിക്കുന്നു" എന്നാണ്.

"പാപത്തെ വിട്ടൊഴിഞ്ഞു" എന്ന പ്രയോഗത്തെ വെയിൻ എ. ഗ്രുഡെം സമാന്തരപ്രയോഗം നടത്തിയത് ഇങ്ങനെയാണ്: "ശരിയായതിനു വേണ്ടി ആരെങ്കിലും കഷ്ടതയേറ്റാൽ കഷ്ടതയിലും കർത്താവിനെ അനുസരിച്ചു കൊണ്ടിരിക്കുകയും ചെയ്താൽ, പാപത്തിൽനിന്നു വിട്ടുനിൽക്കും എന്നു വ്യക്തം."[1] മാനസാന്തരപ്പെടുക എന്നത് ഒരിക്കൽ മാത്രം തുനിയുന്ന ഒന്നല്ല. അതിനർത്ഥം പാപം വ്യക്തമായി വിട്ടുകളയുക എന്നാണ്. ആ ചിന്ത റോമർ 6:3-7 ലേതു തന്നെയാണ്. ഒരാൾ ക്രിസ്ത്യാനിയായിട്ട് കഷ്ടം ഏൽക്കേണ്ടി വന്നാലും പാപം ചെയ്യരുത് എന്നാണ് മുൻപ് അപേക്ഷിച്ചത്. കഷ്ടക്ക് വൃത്തിയാക്കലിന്റെ ഫലമാണുള്ളത് (1:7). സാധാരണ വിശ്വാസത്തെ അതുമായി താരതമ്യം ചെയ്യാവുന്നതല്ല. ക്രിസ്ത്യാനി പാപത്തിൽനിന്നു പൂർണ്ണമായി മുക്തമാകുന്നില്ല എന്നതാണ് വാസ്തവം. വിശ്വാസത്തിന് അവർ വില കൊടുക്കുമ്പോൾ പാപം അവരുടെ പിടി വിടുവിക്കുന്നു. ക്രിസ്തുവിന്റെ നാമം നിമിത്തം കഷ്ടമേൽക്കുന്നവർ ചെറുതായി പോലും ഒരിക്കലും ദൈവേഷ്ടത്തിനു വിരുദ്ധമായി ലംഘനക്കാരാകരുത്. പത്രൊസിന്റെ ചിന്തയിൽ, ക്രിസ്തുവിന്റെ കഷ്ടത, ക്രിസ്ത്യാനിയുടെ സ്നാനം, വിശുദ്ധ ജീവിതം എന്നിവയായിരുന്നു ഉണ്ടായിരുന്നത്.

**വാക്യം 2**. ക്രിസ്തുവിനു വേണ്ടി ജീവിക്കുക എന്നത് ആയുഷ്ക്കാല സമർപ്പണമാണ്. ആത്മാവ് ദൈവത്തെ കുറിച്ച് ഒന്നും കേൾക്കാതെ ഇരിക്കുമ്പോൾ, ആ ജീവിതം ജഡത്തിന്റെ ഇഛയനുസരിച്ച് പ്രവർത്തിക്കും, അങ്ങനെ സുവിശേഷം കേട്ട് അനുസരിക്കുകയും പുതിയ ജീവിത വഴി സ്വീകരിക്കുകയും ചെയ്യുന്നു. രണ്ട് വ്യത്യസ്ത കാലയളവിൽ കൂടെയാണ് ക്രിസ്തീയ ജീവിതം കടന്നു പോകുന്നത്: (1) പുനർജ്ജനന സ്നാനത്തിനു മുൻപുള്ള അയാളുടെ ജീവിതം, (2) വീണ്ടും ജനിച്ചതിനു ശേഷമുള്ള അയാളുടെ ജീവിതം (എഫെ. 4:22-24; തിത്തൊ. 3:3-5). തന്റെ ജീവിതം ക്രിസ്തുവിനു നൽകിക്കൊണ്ട്, വിശ്വാസി "പാപം ചെയ്യുന്നത് നിർത്തലാക്കി." തന്റെ **ശേഷിച്ച കാലം അയാൾ ... ദൈവേഷ്ടത്തിനായി സമർപ്പിച്ചിരിക്കുന്നു**. കഴിഞ്ഞ കാലത്തെ മാറ്റുവാൻ സാധ്യമല്ല. അതുകൊണ്ട് അമിതമായി അതിനെ

കുറിച്ച് ചിന്തിച്ച് സമയം കളയരുത്. ക്രിസ്ത്യാനി തന്റെ മുൻകാലം പിന്നിൽ ഉപേക്ഷിച്ചെങ്കിലും ആ ലജ്ജ നാം എപ്പോഴും ഓർത്തുകൊണ്ടായിരിക്കണം മുമ്പോട്ട് നീങ്ങുവാൻ. അയാളുടെ ഭൂമിയിലെ ശേഷിച്ച കാലം മിനിറ്റുകൾ കൊണ്ടോ അല്ലെങ്കിൽ ദശാബ്ദം കൊണ്ടോ അളന്നാലും, രണ്ടുവിധത്തിലാ യാലും അയാൾക്ക് ആവശ്യമുള്ളത്ര ജഡം ഉണ്ട്. പാപം തരം താഴ്ത്തുകയും മനുഷ്യത്വമില്ലാക്കുകയും ചെയ്യും.

തന്റെ സഹവിശ്വാസികളുടെ വിശ്വാസത്തിലുള്ള കഷ്ടതയെ കുറിച്ച് പത്രൊസ് കരുതലുള്ളവനായിരുന്നു, അതേസമയം, അവർ **ഇനി മനുഷ്യരുടെ മോഹങ്ങളിൽ അകപ്പെടരുത്** എന്നതും അവന്റെ കരുതലിൽ ഉണ്ടായിരുന്നു. ഒരാളുടെ സ്വഭാവ ദൂഷ്യം കൊണ്ടും കഷ്ടത വന്നേക്കാം. നസറേത്തുകാരനാ യ ക്രിസ്തുവിനെ അറിയുന്നവരുടെ കാര്യം അങ്ങനെ ആകരുത്. അന്യ ദേവ ന്മാരെ നമസ്ക്കരിക്കുന്ന അവരുടെ അയൽക്കാരുടെ മുമ്പിൽ, ക്രിസ്ത്യാനി കൾ മാതൃകയുള്ള ജീവിതമാണ് നയിക്കേണ്ടത്. കഷ്ടത വരികയാണെങ്കിൽ ക്രിസ്ത്യാനികൾ അതിനെ സൗമ്യതയോടും നന്മയോടും കൂടെ വേണം അതിജീവിക്കുവാൻ. ആ വിഷയം ഈ ലേഖനത്തിൽ നേരത്തെ വന്നിട്ടുണ്ട്. ഗവൺമെന്റും കോടതിയും അനീതിയിലായിരിക്കാം, എന്നാൽ പത്രൊസ് വിശ്വാസികളോട് പറഞ്ഞു, “സകല മനുഷ്യരേയും ബഹുമാനിക്ക, സഹോ ദരവർഗ്ഗത്തെ സ്നേഹിക്ക, ദൈവത്തെ ഭയപ്പെടുക, രാജാവിനെ ബഹുമാനി ക്കുക” (2:17). ദാസന്മാരോട് മോശമായി പെരുമാറിയാലും പത്രൊസ് എഴുതി, “നിങ്ങൾ കുറ്റം ചെയ്തിട്ട് അടി കൊള്ളുന്നത് സഹിച്ചാൽ എന്ത് യശ്ശസുള്ളു? അല്ലാ നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അത് ദൈവത്തിന്നു പ്രസാദം” (2:20). നേരിടുന്ന ഏതു പ്രതിസന്ധിക്കും അവിശ്വാസികൾ അന്യായമായി കുറ്റപ്പെടുത്തിയിരുന്നത് ക്രിസ്ത്യാനികളെയായിരുന്നു, എന്നിട്ടും പത്രൊസ് പറഞ്ഞു, “നിങ്ങൾ കഷ്ടം സഹിക്കേണം എന്നു ദൈവഹിതമെങ്കിൽ, തിന്മ ചെയ്തിട്ടല്ല, നന്മ ചെയ്തിട്ടു സഹിക്കുന്നത് ഏറ്റവും നല്ലത്” (3:17). പിന്നീട് പത്രൊസ് പറയുന്നു, “നിങ്ങളിൽ ആരും കുലപാതകനോ, കള്ളനോ, ദുഷ്പ്ര വൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്, പരക്കാര്യത്തിൽ ഇടപെ ടുന്നവനായിട്ടുമല്ല” (4:15).

എൻഐവിയിൽ ഗ്രീക്ക് വാക്ക് *സാർക്സ്* തർജ്ജിമ ചെയ്തിരിക്കുന്നത് “മനുഷ്യന്റെ ദുരാഗ്രഹങ്ങൾ” എന്നാണ്. മറ്റൊരു ഭാഗത്ത് അത് തർജ്ജിമ ചെയ്തിരിക്കുന്നത് “പാപസ്വഭാവം” എന്നാണ്. ഒരു രൂപകാലങ്കാരം ഇംഗ്ലീഷ് വായനക്കാർക്ക് വലുതായി മനസിലാകാത്ത രീതിയിൽ തർജ്ജിമ ചെയ്തി രിക്കുന്നത് നിർഭാഗ്യകരമായി പോയി. പത്രൊസും പൗലൊസും *സാർക്സ്* എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് ലൈംഗികമായ ഇഛകളെ പറയുന്നതി നാണ്. നാം രൂപകാലങ്കാരത്തെ എടുത്താൽ, “ജഡം” എന്നത് ഗ്രീക്കുകാർ അർത്ഥമാക്കുന്നതുപോലെ നാം മനസിലാക്കണം. വേദശാസ്ത്രപരമായി “ജഡം” ലൈംഗിക ഇഛകളെയാണ് അന്തർലീനമാക്കുന്നത്. തന്റെ വായന ക്കാർ തങ്ങളുടെ മുൻപുണ്ടായിരുന്ന ലൈംഗിക ഇഛകളെയെല്ലാം ഉപേക്ഷിച്ച് അവരുടെ ശേഷിച്ച കാലമെല്ലാം ദൈവേഷ്ടം ചെയ്യുവാനായി ശ്രദ്ധിക്കണമെ ന്നാണ് അപ്പൊസ്തലൻ പറയുന്നത്.

**വാക്യം 3.** യിസ്രായേലിന്റെ ദൈവത്തെ നമസ്ക്കരിച്ചിരുന്ന യെഹൂദന്മാ രായാലും ക്രിസ്ത്യാനികളായാലും അവർ ഗ്രീക്ക്-റോമാ ധാർമ്മികതയെ മാനിച്ചിരുന്നില്ല. അതിന് അവർക്ക് നല്ല കാരണങ്ങൾ ഉണ്ടായിരുന്നു. പത്രൊ

സിന്റെ വായനക്കാരിൽ ഭൂരിഭാഗവും യെഹൂദന്മാരല്ലാത്ത-പശ്ചാത്തലത്തിൽനിന്നു ക്രിസ്തുവിലേക്ക് വന്നവരായിരുന്നു. ക്രിസ്ത്യാനികളാകുന്നതിനു മുൻപ് അവർ ഗ്രീക്ക്-റോമാ ജീവിതശൈലി സ്വീകരിച്ചവരായിരുന്നു. അവർ അവരുടെ ലൈംഗിക വേഴ്ച്ചകളധികവും സ്വീകരിക്കുകയും അവരുടെ ഉൽസവങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അവർ ക്രിസ്ത്യാനികളായി തീർന്നിട്ടും അവരുടെ പഴയ ജീവിതശൈലികൾ അവരെ അഭിമുഖീകരിച്ചിരുന്നു. സ്നേഹിതന്മാരും കുടുംബത്തിലെ മറ്റംഗങ്ങളും അവരുടെ പഴയ ജീവിതം തന്നെ നയിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ചിലർ ഒരുപക്ഷെ അവരുടെ പഴയ വഴികൾ ഉപേക്ഷിക്കുവാൻ ശ്രമിച്ചത് മന്ദഗതിയിലായിരിക്കാം. **ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയത് മതി** എന്നു പത്രൊസ് പറഞ്ഞപ്പോൾ അവർക്ക് കുത്തുകൊണ്ടു കാണും. തീർച്ചയായും മതി! ഒരു രക്ഷകർത്താവ് കുട്ടിയെ അടിച്ചേക്കാം. “നിങ്ങൾ അത് വളരെ കാലമായി ചെയ്തുവരികയല്ലേ” അർത്ഥം, വേണ്ടത്ര ശിക്ഷ കൊടുത്തുകഴിഞ്ഞു. അത്തരത്തിലാണ് പത്രൊസിന്റെ വാക്കുകൾ നാം മനസിലാക്കേണ്ടത്. “കാലം പോക്കിയത് മതി” എന്നു പത്രൊസ് പറഞ്ഞപ്പോൾ സമയം അതിക്രമിച്ചിരിക്കുന്നു എന്നാണ് സൂചിപ്പിച്ചത്. “ജാതികളുടെ ഇഛകളനുസരിച്ച്” ക്രിസ്ത്യാനികൾ ജീവിതം തുടരുന്നതിന് ഒരു ഒഴികഴിവുമില്ലായിരുന്നു.

യെഹൂദന്മാർക്ക് “ജാതികൾ” എന്നു പറയുന്നത് യെഹൂദന്മാരല്ലാത്തവരെയാണ്. “പരിമിതമായ ആജ്ഞകളുമായി” യേശു ശിഷ്യന്മാരെ അയച്ചപ്പോൾ, അവരോട് പറഞ്ഞു, “ജാതികളുടെ അടുക്കൽ പോകാതിരിക്കണം” (മത്താ. 10:5). അതായത്, അവർ യെഹൂദര-ല്ലാത്തവരെ പഠിപ്പിക്കരുത് എന്ന് വ്യക്തം. എങ്ങനെയായാലും, സഭയാണ് പുതിയ യെരുശലേം. യിസ്രായേൽ ഇപ്പോൾ സഭ ആയിരിക്കുകയാൽ, ക്രിസ്തീയ വൃത്തത്തിൽ “ജാതികൾ” എന്നു പറയുന്നത്, ക്രിസ്ത്യാനികൾ-അല്ലാത്തവരെയാണ്. അതുകൊണ്ട്, പൗലൊസ് തെസ്സലൊനിക്യയിലുള്ളവരോട് പറഞ്ഞു, “ജാതികളെ പോലെ കാമവികാരത്തിലല്ല” നടക്കേണ്ടത് (1 തെസ്സ. 4:5). പൗലൊസ് ഉദ്ദേശിച്ചത് ക്രിസ്തുവിനെ സ്വീകരിക്കാത്ത ഗ്രീക്കുകാരെ കുറിച്ചാണ് എന്ന് അവന്റെ വായനക്കാർക്ക് മനസിലായി കാണും. അവർ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റു എങ്കിലും അവർ ഇപ്പോഴും ഗ്രീക്ക് വംശജർ തന്നെയാണ്. ജാതികൾ എന്നു പറയുന്നത് അ-ക്രൈസ്തവരെയാണ്. പത്രൊസ് “ജാതികൾ” എന്നു പറഞ്ഞിരിക്കുന്നത് പൗലൊസ് 1 തെസ്സലൊനിക്യർ 4:5-ൽ പറഞ്ഞിരിക്കുന്നതുപോലെയാണ്. നാം ആ വാക്ക് തർജ്ജിമ ചെയ്യുന്നതിനനുസരിച്ചായിരിക്കും അവയെല്ലാം അന്തർലീനമായിരിക്കുക. ഇംഗ്ലീഷിൽ അ-ക്രൈസ്തവൻ എന്ന വാക്കിന് “പാഗൻ” എന്നാണ് ഉപയോഗിച്ചിരിക്കുന്നത്, അല്ലാതെ “ജാതികൾ” എന്നല്ല. ആ നല്ല ഉദ്ദേശം വെച്ചുകൊണ്ടാണ് എൻഐവി 1 പത്രൊസ് 4:3-ൽ “പാഗൻസ്” എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്.

വിശ്വാസികൾ വിട്ടുകളയുവാനായി ചില നിഷേധ സ്വഭാവങ്ങളെ അപ്പൊസ്തലൻ 2:1-ൽ പറഞ്ഞിരിക്കുന്നു. 4:3-ൽ പരിഗണിക്കുവാൻ പറഞ്ഞിരിക്കുന്നത് മറ്റൊരു ലിസ്റ്റാണ്. മുൻപിലത്തെ വേദഭാഗത്ത് ക്രിസ്ത്യാനികളെ അലട്ടിക്കൊണ്ടിരുന്ന പ്രശ്നം പാപമായിരുന്നു എന്നു പറഞ്ഞിരിക്കുന്നു. 4:3 ൽ പരിഗണിക്കുവാൻ പറഞ്ഞിരിക്കുന്നത് പാഗൻ ജീവിത രീതിയെ കുറിച്ചായിരുന്നു. ലേഖനത്തിൽ മറ്റു ഭാഗങ്ങളിലുള്ള ലിസ്റ്റ് പോലെ തന്നെയായിരുന്നു പത്രൊസ് ഇവിടെ പറയുന്ന പാഗൻസിന്റെ പാപങ്ങളുടെ ലിസ്റ്റും. 4:3 ലും,

റോമർ 13:13 ലും, ഗലാത്യർ 5:19–21 ലും പറയുന്നത് ജഡിക പ്രവൃത്തികൾ (മദ്യപാനവും, കാമാർത്തിയും) അധികരിച്ചിരുന്നു എന്നാണ്. അവ ഓരോന്നും പരിശോധിക്കുന്നത് നന്നായിരിക്കും.

**കാമാർത്തി** (*അസാൽജിയ*) സ്വയ–നിയന്ത്രണം ഉപേക്ഷിക്കുക. ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പാകെ സ്വീകാര്യമായതും ശരിയായതുമായ പെരുമാറ്റത്തെ മാറ്റുന്ന സ്വഭാവമാണ്. അനന്തരഫലത്തെ കുറിച്ച് ചിന്തിക്കാതെ ഒരാൾ തന്റെ മൃഗത്തെ ലൈംഗിക വേഴ്ച്ചക്കായി ഉപയോഗിച്ചാൽ അയാൾ ഈ പാപത്തെ സംബന്ധിച്ച് കുറ്റമുള്ളവനാകും. **മോഹങ്ങൾ** (*എപിതുമിയ*) എന്നത് ഒരു നിഷ്പക്ഷ വാക്കാണ്. നല്ല ആഗ്രഹത്തിനും മോശമായ ആഗ്രഹത്തിനും ആ വാക്ക് ഉപയോഗിക്കാം. 1 പത്രൊസ് 4:3 ലെ "മോഹം" സന്ദർഭമാണ് തർജിമ നീതീകരിക്കുന്നതാണോ എന്നു വ്യക്തമാക്കുന്നത്. ചില ആഗ്രഹങ്ങൾ നല്ലതാണ്. എൻഏഎസ്ബി അതേ വാക്ക് "ആഗ്രഹം" എന്ന് ഫിലിപ്പിയർ 1:23–ൽ തർജ്ജിമ ചെയ്തിരിക്കുന്നു: "വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്" പത്രൊസ് പറഞ്ഞപ്പോൾ, ആ വാക്ക് മോശമായ ആഗ്രഹത്തെയാണ് കാണിക്കുന്നത്, പ്രത്യേകിച്ച് ലൈംഗിക സ്വഭാവമുള്ള ആഗ്രഹത്തെയാണ്. **വീഞ്ഞുകുടി** (*ഓയിനോഫ്ളുജിയ*) എന്നതിന് ചെറിയ പരാമർശം മതിയാകും. പുതിയനിയമത്തിൽ അമിതമായ ലഹരിപദാർത്ഥം ഉപയോഗിക്കുന്നതിനായി ഈ ഗ്രീക്ക് വാക്ക് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്. പുരാതന കാലത്തും ആധുനിക കാലത്തും, ലൈംഗിക അധാർമ്മികത്വം ജീവിതത്തെ മലിനമാക്കും, അതുമായി ബന്ധപ്പെട്ടതാണ് മദ്യപാനവും.

**വെറിക്കൂത്ത്** (*കോസ്മോസ്*) ഗ്രീക്ക് ദേവന്മാരെ പ്രസാദിപ്പിക്കുവാനുദ്ദേശിച്ചുള്ള മദ്യമുപയോഗിച്ചുള്ള തിമിർത്തുല്ലസിക്കൽ ആണ്. ഡയോനിസസിനെ ആരാധിക്കുമ്പോൾ പ്രത്യേകമായി ഇത് കാണാമായിരുന്നു. ഒരു പാർട്ടി അടുക്കുമ്പോൾ, ക്രിസ്ത്യാനി തന്റെ കൂട്ടുകാരെ തിരിഞ്ഞെടുക്കുന്നത് സൂക്ഷിക്കുവാൻ ഓർപ്പിച്ചിരിക്കുകയാണ്. മദ്യപാനം (*പോടോസ്*) കഴിഞ്ഞ വാക്കുമായി ഇതിന് അടുത്ത ബന്ധമാണുള്ളത്, എന്നാൽ അതിന്റെ മതപരമായ പ്രസ്താവനകൾ കൂടാതെയാണ്. ആ വാക്ക് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്, എന്നാൽ ലോകത്തിൽ അത് ഉപയോഗിച്ചിരിക്കുന്നത് വിരുന്നിൽ വീഞ്ഞ് വിളമ്പുന്നതിനാണ്. ലൈംഗിക അധാർമ്മികതയും മദ്യപാനവും അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു എന്നത് ശ്രദ്ധിക്കുക. വിശ്വാസികൾ വിട്ടുകളയുവാൻ പറഞ്ഞിരിക്കുന്ന ലിസ്റ്റിൽ അവസാനമായി **ധർമ്മവിരുദ്ധമായ വിഗ്രഹാരാധന** പറഞ്ഞിരിക്കുന്നത് യാദൃശ്ചികമല്ല. പത്രൊസിന്റെ വായനക്കാരുടെ സമൂഹത്തിൽ ചുറ്റും വിഗ്രഹാരാധന നിറഞ്ഞുനിന്ന സമയമായിരുന്നു അത്. അവർ വിഗ്രഹാരാധന വിട്ട് വന്നവരായിരുന്നു. ഗ്രീക്ക്–റോമാ ദേവന്മാരെ ആരാധിക്കുന്നതിൽ അധാർമ്മിക സ്വഭാവത്തിനു യാതൊരു നിയന്ത്രണവുമില്ലായിരുന്നു. വിഗ്രഹാരാധന ലജ്ജിപ്പിക്കുന്നതായിരുന്നു; അത് "ധർമ്മവിരുദ്ധമായിരുന്നു" കാരണം ദൈവത്തെ വിട്ട് സൃഷ്ടിയെ ഭജിക്കുന്നതായിരുന്നു. അതിനു പുറമെ, അത് മനുഷ്യത്വമില്ലാത്ത പെരുമാറ്റത്തെ പ്രോൽസാഹിപ്പിക്കുകയാണ്. എല്ലാം മക്കളുടെ വെളിപ്പെടുത്തലിൽനിന്നാണ് വരുന്നത്, മൽസരം, ലൈംഗികവേഴ്ച്ചകൾ എന്നിവയാണ് ഗ്രീക്ക് ലോകത്തിലെ വീടുകളിൽ നടക്കുന്നത്, ദേവന്മാരുടെ കാര്യങ്ങളിൽ ഒരു നിയന്ത്രണവുമില്ലായിരുന്നു.

## അന്യ ദേവന്മാരുടെ കണക്ക് കൊടുക്കൽ (4:4-6)

**4ദുർന്നടപ്പിന്റെ അതേ കവിച്ചലിൽ നിങ്ങൾ അവരോട് ചേർന്നു നടക്കാതിരിക്കുന്നത് അപൂർവ്വം എന്നു വെച്ച് അവർ ദുഷിക്കുന്നു. 5ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവന്ന് അവർ കണക്ക് ബോധിപ്പിക്കേണ്ടി വരും. 6ഇതിന്നായിട്ടല്ലോ മരിച്ചവരോടും സുവിശേഷം അറിയിച്ചത്. അവർ ജഡസംബന്ധമായി മനുഷ്യരെപോലെ വിധിക്കപ്പെടുകയും ആത്മാവ് സംബന്ധമായി ദൈവത്തിനൊത്തവണ്ണം ജീവിക്കയും ചെയ്യേണ്ടതിന്നു തന്നെ.**

പാഗൻ സമൂഹത്തിന്റെ ദൈവമില്ലാത്ത ജീവിതത്തിൽനിന്നു പത്രൊസിന്റെ ചിന്ത, തന്റെ വായനക്കാർ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ശാഠ്യം നിമിത്തം വിശ്വാസികൾ ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലേക്കും അധാർമ്മികതയിലേക്കും തിരിയുമോ എന്നു സംശയിക്കുകയായിരുന്നു. അവർ തങ്ങളെത്തന്നെ ശൂന്യമാക്കുന്ന രീതിയിൽ ജാതികളെ അനുകരിച്ചില്ലെങ്കിൽ അവർക്ക് തിക്തമായ അനുഭവം പ്രതീക്ഷിക്കാമായിരുന്നു. വിശ്വാസികൾ പാഗൻ അധാർമ്മികത സ്വീകരിച്ചില്ലെങ്കിൽ, അവർ അവരോട് കയ്യീനെ പോലെ പ്രതികരിച്ച് (1 യോഹ. 3:12), നല്ല ജീവിതം നയിക്കുന്നവരെ കുറ്റം ആരോപിക്കുന്നവർ തങ്ങളുടെ സ്വന്ത കുറ്റങ്ങളെയാണ് എടുത്തു കാണിക്കുന്നത്.[2]

**വാക്യം 4.** ഗ്രീക്ക്-പട്ടണങ്ങളിലെ പൊതുജീവിതം ഉൽസവങ്ങളും, ഗെയിമുകളും, ആഘോഷങ്ങളും ദേവന്മാർക്ക് സമർപ്പിക്കുന്നതായിരുന്നു. പത്രൊസ് കുറ്റപ്പെടുത്തിയ മദ്യപാനവും കാമാർത്തിയും-അവ പരിശീലിച്ചിരുന്നതിനെ എതിർത്തത് അസാധാരണമായിരുന്നില്ല. ക്രിസ്തീയ വഴി തിരഞ്ഞെടുത്തവർ അവയെ പൂർണ്ണമായും മാറ്റി നിർത്തി (4:1), അവർക്ക് നഗരസംഭവങ്ങളിൽ പങ്കാളികളാകുന്നത് അസാധ്യമായിരുന്നു. അത് തങ്ങൾക്ക് ഇടർച്ചയാണെന്ന് അവിശ്വാസികൾ കരുതി. വെറുതെ ക്രിസ്ത്യാനിയായി തീരുന്നതിൽ ആയിരുന്നില്ല വിശ്വാസികളുടെ താൽപര്യം. ക്രിസ്ത്യാനികൾ അവരുടെ മതപരമായ കാര്യങ്ങളിൽ വ്യത്യസ്തരായിരുന്നു. തന്റെ അയൽക്കാരൻ യേശുവിനെ ദൈവമായി ആരാധിക്കുന്നതിൽ അ-വിശ്വാസികൾക്ക് എതിരുണ്ടായിരുന്നില്ല. ഗ്രീക്ക് സംസ്ക്കാരത്തിൽ മറ്റൊരു മതത്തിന് എപ്പോഴും സ്ഥാനമുണ്ടായിരുന്നു. എങ്ങനെയായാലും, അതേ ആളുകൾ അവരുടെ പൊതുപരിപാടികളെ അവഗണിച്ചാൽ, അവരുടെ പഴയ മതവും പഴയ ദേവനും ഒന്നുമല്ലാത്ത വിധത്തിൽ അകലം പാലിച്ചാൽ അത് അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരെ **അതിശയിപ്പിച്ചിരുന്നു**. പുതിയ ദേവനല്ല അവർക്ക് ഇടർച്ചയായത്, ക്രിസ്ത്യാനികൾ അവകാശപ്പെട്ടതാണ് അവർക്ക് ഇടർച്ചയായത്: ദൈവം ഏകൻ മാത്രം. പഴയ ദേവന്മാർ ഒന്നിനും ഉപകരിക്കുന്നതല്ല. അയൽക്കാരുടെ ഉൽസവങ്ങളിലും ആഘോഷങ്ങളിലും ക്രിസ്ത്യാനികളായവർ പങ്കെടുക്കാതിരിക്കുന്നത് അവർക്ക് ഇടർച്ചയായിരുന്നു. അതിലുപരിയായി, അത് അവരെ പരിഹസിക്കുന്നതായി കണക്കാക്കിയിരുന്നു.

ക്രിസ്ത്യാനിത്വത്തിന് എപ്പോഴും തുടർച്ചയായി ഒരു എതിർ-ആചാര ഫലമാണുണ്ടായിരുന്നത്. ആളുകളുടെ ലൈംഗിക അനീതിക്കും അധാർമ്മികതക്കും വെല്ലുവിളി ഉയർത്തുന്നതായിരുന്നു നസറേത്തുകാരനായിരുന്ന യേശുവിന്റെ ഉപദേശങ്ങൾ. പത്രൊസ് യേശുവിന് അധരസേവ അർപ്പിക്കുന്ന

വനായിരുന്നില്ല. ഒരാൾ ക്രിസ്തുവിനെ സ്വന്തമാക്കിയ ശേഷം **ഓടി പോയി** തന്റെ മുമ്പിലത്തെ പരിശീലനമായിരുന്ന ദുർന്നടപ്പിന്റെ **അതേ കവിച്ചലിൽ അവരോട് ചേർന്നു നടക്കുവാൻ** പാടില്ലായിരുന്നു. "കവിച്ചൽ" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് *അനാക്കുസിസ്* ആണ്, അക്ഷരികമായ അർത്ഥം "പ്രളയം" എന്നാണ്. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ സമൂഹത്തിൽ ജീവിച്ചിരുന്ന ഒരാൾ, ദുന്നർടപ്പിന്റെ അതേ കവിച്ചലിൽ "നടക്കാതിരുന്നത്" അവരെ "അതിശയപ്പെടുത്തി." എഫെസ്യർ 5:18 ൽ പൗലൊസ് അതേ വാക്ക് ഉപയോഗിച്ചിരിക്കുന്നത് തർജ്ജിമ ചെയ്തിരിക്കുന്നത് "ദുർന്നടപ്പ്" (*അസോറ്റിയ*) എന്നാണ്. പത്രൊസിനെ പോലെ പൗലൊസും ആ വാക്കിനെ മദ്യപാനവുമായി യോജിപ്പിച്ചാണ് പറഞ്ഞിരിക്കുന്നത്.

ലോകം സാധാരണ ജീവിതമായി അംഗീകരിച്ചിരിക്കുന്ന ജീവിത രീതികൾ സ്വീകരിക്കാതിരിക്കുന്നതിന് പത്രൊസിന്റെ വാക്കുകൾ ക്രിസ്ത്യാനികൾക്ക് വെല്ലുവിളിയാണ് ഉയർത്തിയത്. മദ്യപാനം, മയക്കുമരുന്ന്, ലൈംഗിക അധാർമ്മികത്വം, അക്രമം തുടങ്ങിയവ ദൈവപ്രസാദം ലഭിക്കാത്തതും തങ്ങളുടേയും മറ്റുള്ളവരുടേയും ജീവിതങ്ങളെ നശിപ്പിക്കുന്നതുമാണ്. ദൈവജനം അത്തരം പ്രവൃത്തികളിൽ പങ്കുകാരാകരുത്. ലോകത്തിന്റെ പ്രവൃത്തികളോട് ചേരാതിരിക്കുന്നത് ശത്രുത ക്ഷണിച്ചുവരുത്തുമെന്ന് യേശുവിന്റെ വാക്കുകൾ നമ്മെ ഓർപ്പിക്കുന്നു: "സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തി പറയുമ്പോൾ നിങ്ങൾക്ക് അയ്യോ കഷ്ടം; അവരുടെ പിതാക്കന്മാർ കള്ളപ്രവാചകന്മാരെ അങ്ങനെ ചെയ്തുവല്ലൊ" (ലൂക്കൊ. 6:26).

ലോകം അവരെ കുറ്റപ്പെടുത്തുന്ന രീതിയിൽ വിശ്വാസികൾ ജീവിക്കുമ്പോൾ, ലോകം അവരെ ദുഷിക്കുമെന്ന് അവർ പ്രതീക്ഷിക്കണം. **അവർ നിങ്ങളെ ദുഷിക്കും** എന്ന പ്രയോഗത്തിന് ഗ്രീക്കിൽ ഒറ്റ വാക്കാണ് ഉള്ളത്. കൂടുതൽ അക്ഷരികമായി നാം വായിക്കുന്നത് "ദുഷിച്ചുപറയൽ" (*ബ്ലാസ്ഫെമെയോ*), ആ വാക്കിന്റെ അർത്ഥം, വിശുദ്ധമായതിനെ അശുദ്ധമാക്കുക എന്നാണ്. ഒരാൾ പഴിക്കുമ്പോൾ ദൈവനാമത്തെയാണ് ദുഷിക്കുന്നത്. ദൈവം തന്റെ ജനവുമായി അടുത്തിരിക്കുന്നതിനാൽ അവരെ ദുഷിക്കുന്നത് ദൈവത്തെ ദുഷിക്കുന്നതിനു തുല്യമാണ്. ആ സത്യം വെളിപ്പെടുത്തുന്ന വേദഭാഗമാണ് പ്രവൃത്തികൾ 9:4. തർസൊസുകാരനായിരുന്ന ശൗൽ ക്രിസ്ത്യാനികളെ ഉപദ്രവിച്ചുകൊണ്ടിരുന്നപ്പോൾ യേശു അവനോട് ചോദിച്ചു, "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?" (പ്രവൃ. 9:4). ദൈവജനത്തെ അ-വിശ്വാസികൾ ദുഷിച്ചപ്പോൾ, ദൈവനാമത്തെയാണ് ദുഷിച്ചതെന്നു പറയുവാൻ പത്രൊസിന് ഒരു മടിയുമില്ലായിരുന്നു.

**വാക്യം 5**. അ-വിശ്വാസികളിൽനിന്ന് പത്രൊസ് സംബോധന ചെയ്ത ക്രിസ്ത്യാനികൾ അനീതിയായി കുറ്റം ആരോപിക്കപ്പെടുമ്പോൾ, തങ്ങളെ കുറിച്ച് വിചാരപ്പെടേണ്ടതില്ല എന്നർത്ഥം. അവരുടെ ജീവിതത്തിൽ പ്രതികാരം ഒരിക്കലും എടുക്കാവുന്നതായിരുന്നില്ല. "പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും" (റോമ. 12:19). **അവർ കണക്കു കൊടുക്കേണ്ടത്** കർത്താവായ യേശുക്രിസ്തുവിനാണ്. അവൻ ഓരോരുത്തരേയും ന്യായമായി **വിധിക്കുകയും** ശരിയായി ശിക്ഷിക്കുകയും ചെയ്യും. ദൈവത്തെ എതിർക്കുകയും തന്റെ ജനത്തെ ഉപദ്രവിക്കുകയും ചെയ്യുന്നവർ തങ്ങൾ ചെയ്യുന്ന പ്രവൃത്തികൾക്ക് കണക്കു കൊടുക്കണം.

പുതിയനിയമത്തിൽ ഉടനീളം നിർദ്ദയമായി സംസാരിക്കുന്ന വിഷയ

മാണ്: ഈ വർത്തമാനകാലം അവസാനിക്കുന്നതോടുകൂടെ ദൈവം ന്യായവിധി കൊണ്ടുവരും. ഒരു പരിധി വരെ ദൈവത്തിന്റെ ന്യായവിധി തുടങ്ങി കഴിഞ്ഞു എന്നു പറയാം. പാപം ചെയ്യുന്നവർക്ക് അതിന്റെ അനന്തരഫലം ഈ ലോകത്തിൽ തന്നെ അനഭവിച്ചു തുടങ്ങണം. എങ്കിലും, ഈ ലോകത്തിൽ നീതി എപ്പോഴും ജയിക്കണമെന്നില്ല; എന്നാൽ കർത്താവിന്റെ ദിവസം അത് പൂർണ്ണമായും ജയിക്കും. പത്രൊസിന് ന്യായവിധി തീർച്ചയായും വരുവാനുള്ളതായിരുന്നു. "മനുഷ്യൻ കണക്കുകൊടുക്കണം എന്നു പറഞ്ഞിരിക്കുന്നതും അവസാനം നീതി ജയിക്കുമെന്നതും തീർച്ചയാണ് എന്നു വെളിപ്പെടുത്തിയിരിക്കുന്നത് ജീവിതത്തിന്റെ ഭാഗം ആണ്."[3]

ദുഷിക്കുന്നവരും "കണക്ക് കൊടുക്കണം" എന്നത് തീർച്ചയാണ്. അവർ എപ്പോൾ കണക്ക് കൊടുക്കണം എന്നത് മറ്റൊരു കാര്യം. കർത്താവ് ഉടനെ മടങ്ങി വരുമെന്ന പ്രതീക്ഷയിലായിരുന്നു പത്രൊസ്. യേശു ന്യായകർത്താവാകുവാൻ ഭൂമിയിലേക്ക് വരുവാൻ **തയ്യാറായി** ഇരിക്കുന്നു (4:7 നോക്കുക). അത് എപ്പോഴായിരിക്കുമെന്ന് കൃത്യമായി പറയുന്ന തെറ്റായ-പ്രവചനമൊന്നും അപ്പൊസ്തലന്റെ മനസിൽ ഇല്ലായിരുന്നു. ഈ കാര്യത്തിൽ ചില ആധുനിക പ്രീച്ചേഴ്സ് ചെയ്യുന്നതുപോലെ മൗനം ആചരിക്കുകയായിരുന്നു. കർത്താവ് വരുന്ന സമയം പ്രത്യേകമായി അറിയുന്നതിനേക്കാൾ പ്രാധാന്യം അവന്റെ വരവിനായി ഒരുങ്ങുക എന്നതാണ്. ഭൂമിയിലെ മനുഷ്യരുടെ ജീവിതം നിറഞ്ഞുനിൽക്കുമ്പോഴായിരിക്കും കർത്താവ് മടങ്ങി വരുന്നത്. അത് നോഹയുടെ കാലത്ത് ജലപ്രളയത്തിനു മുൻപ് ആളുകൾ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും ചെയ്തിരുന്ന സമയത്ത് ജലപ്രളയം വന്നതുപോലെ ആയിരിക്കും യേശുക്രിസ്തുവിന്റെ മടങ്ങി വരവും (ലൂക്കൊ. 17:27). ദൈവം **ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും** ന്യായം വിധിക്കും. അവന്റെ വരവിനു മുൻപ് മരിച്ചവർ ആത്മിയശരീരത്തോടുകൂടെ ഉയർത്തെഴുന്നേൽക്കും (1 കൊ. 15:44). അവൻ വരുമ്പോൾ ജീവനോടെ ശേഷിക്കുന്നവർക്ക് രൂപാന്തരം സംഭവിക്കുകയും (1 തെസ്സ. 4:17) ആത്മിയശരീരങ്ങളോട് ചേരുകയും ചെയ്യും. അന്യായമായി പീഡിപ്പിച്ചവരും ദൈവജനത്തെ പഴിച്ചവരും ദൈവത്തോട് "കണക്കു കൊടുക്കണം."

**വാക്യം 6**. വിവിധ തരത്തിൽ വ്യാഖ്യാനം ചെയ്ത് ഈ വാക്യത്തെ പ്രയാസമുള്ളതാക്കി മാറ്റിയിരിക്കുകയാണ്. അവയെ കണക്കിലെടുക്കാതെയുള്ളതാണ് താഴെ പറയുന്ന പരാമർശങ്ങൾ. പകരം അവ രണ്ടു സാധ്യതകളെയാണ് ശ്രദ്ധിക്കുന്നത്. വ്യാഖ്യാനത്തിനുള്ള ആദ്യ പ്രതിസന്ധി ഉയരുന്നത് സന്ദർഭത്തിൽനിന്നാണ്. "ജീവികളെയും മരിച്ചവരെയും ന്യായം വിധിക്കുവാൻ കർത്താവ് തയ്യാറായിരിക്കുന്നു" എന്നാണ് അപ്പൊസ്തലൻ പറഞ്ഞത് (4:5). കൂടാതെ പത്രൊസും തന്റെ വായനക്കാരും കർത്താവ് വേഗം വരുമെന്ന് പ്രതീക്ഷിച്ചിരുന്നു (4:7).

തെസ്സലൊനിക്യർക്കിടയിൽ ഉയർന്ന ചില ചോദ്യങ്ങൾ പത്രൊസിന്റെ വായനക്കാർക്കിടയിലും ഉയർന്നിരിക്കാം (1 തെസ്സ. 4:13–18). അവരിൽ പെട്ട അസംഖ്യം പേർ മരിച്ചു കഴിഞ്ഞിരുന്നു, എന്നിട്ടും കർത്താവ് മടങ്ങി വന്നില്ല. അവന്റെ വരവിൽ മരിച്ചവർക്ക് ലഭിക്കുന്ന അതേ രക്ഷ തന്നെയാണോ ജീവനോടെ ഇരിക്കുന്നവർക്കും അവന്റെ വരവിൽ ലഭിക്കുക? മരിച്ചവരെ ന്യായം വിധിക്കുമെന്ന ആശയം ചോദ്യമുയർത്തുന്നതിനാൽ, കർത്താവ് വരുമ്പോൾ അവർ അഭക്തിയോടെ ജീവിച്ചതിന് കണക്കു കൊടുക്കേണ്ടിവരുമെന്ന് അപ്പൊ

സ്തലൻ ഉറപ്പിക്കുന്നു. വിശ്വസ്തമായി ജീവിച്ചിരുന്നവരെ അവൻ രക്ഷിക്കും. അവൻ എഴുതി ഉറപ്പിച്ചു, **ഇതിന്നായിട്ടല്ലോ** (യേശു ദുഷ്ടന്മാരെ ന്യായം വിധിക്കുകയും അതേ സമയം വീണ്ടെടുക്കപ്പെട്ടവരെ രക്ഷിക്കുകയും ചെയ്യുവാൻ) **മരിച്ചവരോടും ... സുവിശേഷം അറിയിച്ചത്.**

ഇതു പറഞ്ഞത് പ്രത്യേകമായി ഒരു പ്രാസംഗികനെ മനസിൽ കണ്ടുകൊണ്ടായിരുന്നില്ല. തർജ്ജിമ വ്യക്തിപരമല്ലാതാക്കുവാൻ എൻഏഎസ്ബി അയോറിസ്റ്റ് പാസിവ് ക്രിയ (*യുവേഞ്ചലിസ്തേ*) ഉപയോഗിച്ച് “സുവിശേഷം അറിയിച്ചു” എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. എന്നാൽ ചിലർ ആ തർജ്ജിമയിൽ തൃപ്തരല്ല. ഇതു പറയുമ്പോൾ, യേശു പ്രസംഗിച്ചതായിരുന്നു പത്രൊസിന്റെ മനസിൽ എന്നാണ് അവരുടെ വാദം. 4:5-ൽ പറയുന്നത് യേശുവാണ് ന്യായം വിധിക്കുവാൻ പോകുന്നത് എന്നാണ്. അതുകൊണ്ട് 4:6-ൽ (വാദം തുടരുന്നു) യേശുവാണ് സുവിശേഷം അറിയിച്ചത്. “ഇതിന്നായിട്ടല്ലോ *യേശു* മരിച്ചവരോടും സുവിശേഷം അറിയിച്ചത്” എന്ന അർത്ഥത്തിലാണ് അവർ എടുക്കുന്നത്. 3:19 ലെ പത്രൊസിന്റെ പ്രസ്താവന 4:6-ൽ വിപുലമാക്കുകയാണ്. അവിടെ പത്രൊസ് പറഞ്ഞു, “തടവിലുള്ള ആത്മാക്കളോട് പ്രസംഗിച്ചു.” യേശുവിന്റെ ക്രൂശിലെ മരണത്തിനും ഉയർത്തെഴുന്നേൽപിനുമിടക്ക് വ്യക്തിപരമായി മരിച്ചവരുടെ ലോകത്തേക്ക് പോയി എന്ന കാഴ്ച്ചപ്പാടാണ് രണ്ട് വേദഭാഗങ്ങളും നൽകുന്നത്.

3:19 ലെ പരാമർശം സൂചിപ്പിക്കുന്നത്, *ഡീസെൻസസ്* എന്ന്-അറിയപ്പെടുന്ന ഉപദേശം, ബൈബിളിലെ മറ്റു ഉപദേശങ്ങളിൽ വൈരുദ്ധ്യം ജനിപ്പിക്കാത്തതാണെന്ന് തോന്നുന്നു. എങ്ങനെയായാലും, അവന്റെ അവതാരത്തിനു മുൻപ് ഒരു യാത്ര പോയി എന്ന് 4:6 എടുത്തു പറയുന്നത് ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 3:19 ൽ “പ്രസംഗിച്ചു” (*കെറൂസോ*) അല്ലെങ്കിൽ “അറിയിച്ചു” എന്നാണ് പറയുന്നത്, എന്നാൽ 4:6-ൽ, ഉപയോഗിച്ച *യുവാഞ്ചെലിസോ*, അർത്ഥം “സുവിശേഷം പ്രസംഗിക്കൽ” എന്നാണ്. വിജയം അറിയിക്കുവാൻ യേശു മരിച്ചവരുടെ ലോകത്തിലേക്ക് പോയി എന്നു പറയുന്നത് മനസിലാക്കാം, പക്ഷെ മരിച്ചവരുടെ ലോകത്തിലേക്ക് പോയി പാപികൾക്ക് രണ്ടാമത് രക്ഷക്കു അവസരം കൊടുക്കുവാൻ ശ്രമിക്കുന്നു എന്നു പറയുന്നത് നമുക്ക് മനസിലാക്കുവാൻ കഴിയാത്തതാണ്. തന്റെ ലേഖനത്തിൽ മറ്റൊരു ഭാഗത്ത് പത്രൊസ് പറഞ്ഞിരിക്കുന്നത് ഈ ലോക ജീവിതത്തിൽ വിശ്വസിക്കുന്നതിന്റെ ഫലമായി ലഭിക്കുന്ന ഒന്നായിട്ടാണ് (1:9, 17).

കെജെവിയും, എൻഏഎസ്ബിയും, എൻഐവിയും കാലമാറ്റം വരുത്തിയത് നമുക്ക് ആ വാക്യം മനസിലാക്കുവാൻ സഹായിക്കുന്നു. പണ്ട് “മരിച്ചവരോട് ... സുവിശേഷം ... അറിയിച്ചിരുന്നു.” മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവർ ഇപ്പോൾ മരിച്ചവരായിരുന്നു, എന്നാൽ അവരോട് സുവിശേഷം അറിയിച്ചപ്പോൾ അവർ ജീവിച്ചിരുന്നു. സുവിശേഷത്തോട് ജീവിച്ചിരിക്കുമ്പോൾ മുഖം തിരിച്ചവർക്ക് മരിച്ചശേഷം വീണ്ടെടുപ്പിനായി വീണ്ടും അവസരം നൽകുമെന്ന് പുതിയ നിയമം പഠിപ്പിക്കുന്നില്ല. “ഒരിക്കൽ മരണവും പിന്നെ ന്യായവിധിയുമാണ് മനുഷ്യർക്ക് ദൈവം നിയമിച്ചിരിക്കുന്നത്” എന്ന് എബ്രായലേഖകൻ അതിന് വ്യക്തത നൽകിയിരിക്കുന്നു (എബ്രാ. 9:27). എൻആർഎസ്വിയുടെ കൂടുതൽ അക്ഷരികമായ തർജ്ജിമ എടുത്താൽ, “അക്കാരണത്താലായിരുന്നു മരിച്ചവരോട് പോലും സുവിശേഷം അറിയിച്ചത്.” അത് അന്തർലീനമാക്കിയത് എന്തെന്നാൽ, ഇപ്പോൾ മരിച്ചവരോടായിരുന്നു സുവി

ശേഷം പ്രസംഗിച്ചത്, അല്ലാതെ സുവിശേഷം അറിയിച്ച് മരിച്ചവരോടായിരുന്നില്ല എന്നാണ്. യേശു തന്റെ ക്രൂശ് മരണത്തിനും ഉയർപ്പിനും ഇടക്കുള്ള സമയത്ത് എവിടെയായിരുന്നു എന്ന തന്റെ വായനക്കാരുടെ ചോദ്യത്തിനു പത്രൊസ് മറുപടി പറയുകയായിരുന്നില്ല. കർത്താവ് പ്രത്യക്ഷനാകുമ്പോൾ, അവർ **ആത്മിയമായി ജീവിച്ചേക്കാം** എന്ന് അവരെ ഉറപ്പിക്കുകയായിരുന്നു അപ്പൊസ്തലൻ ചെയ്തത്.

ക്രൂശിന്റെ സന്ദേശം കേട്ടതിനാൽ പത്രൊസിന്റെ വായനക്കാർ ഭാഗ്യവാന്മാരായിരുന്നു. ക്രിസ്തുവിന്റെ മരണം, അടക്കം, ഉയർപ്പ് എന്നിവയിൽ ഒതുക്കിയല്ല അവൻ "സുവിശേഷം" എന്ന വാക്ക് ഉപയോഗിച്ചത്, മറിച്ച്, രക്ഷക്കായുള്ള ക്രിസ്തുവിന്റെ സന്ദേശം എന്ന വിപുലമായ ആശയത്തിലാണ് ഉപയോഗിച്ചത്. തനിക്കായി ദൈവം ഒരു ജനത്തെ വാർത്തെടുക്കുന്നതിനായി തന്റെ വാഗ്ദാനം, പുത്രൻ മുഖാന്തരം വീണ്ടെടുത്തു നിറവേറ്റുന്നതാണ് സുവിശേഷം. യേശുക്രിസ്തുവിനെ കുറിച്ച് സംസാരിക്കുന്നതു തന്നെ സുവാർത്തയാണ്, സുവിശേഷമാണ്. "മരിച്ചവരോടു പോലും ... സുവിശേഷം അറിയിച്ചിരിക്കുന്നു" എന്നത് തർജിമയെ പുരോഗതിയിലേക്ക് ഉയർത്തുന്നതാണ് "... മരിച്ചവരോടുപോലും അവനെ അറിയിച്ചിരിക്കുന്നു." "മരിച്ചവർ" എന്ന് അപ്പൊസ്തലൻ പറഞ്ഞത്, യേശു പ്രസംഗിച്ചപ്പോൾ മരിച്ചവരായിരുന്നു എന്നല്ല, പിന്നെയോ അവൻ ന്യായാധിപനായി മടങ്ങി വരുന്നതിനു മുൻപ് മരിച്ചവരായിരുന്നു. അവിടെയാണ് ഉറപ്പിക്കലിന്റെ ആവശ്യം വന്നിരിക്കുന്നത്. "മരിച്ചവർ" എന്നത് പത്രൊസിന്റെ മനസിൽ ഉണ്ടായിരുന്നത് പ്രത്യേകമായി ക്രിസ്ത്യാനികളായി മരിച്ചവരായിരുന്നു. 4:6 മുഴുവനും വിശ്വാസികളെ ഉറപ്പിക്കുന്നതിനായിരുന്നു.

താഴെ കൊടുത്തിരിക്കുന്ന രണ്ടിലൊരു വിധത്തിൽ 4:6, 3:19 മായി ബന്ധപ്പെട്ടിരിക്കുന്നു എന്നു കാണാം: (1) യേശുക്രിസ്തു നോഹ എന്ന വ്യക്തിയിൽകൂടെ പ്രസംഗിച്ചു എന്നാണ് 3:19 പറയുന്നതെങ്കിൽ, ആ വാക്യം വിസ്തൃതമായ ദൃഷ്ടാന്തമാണ് നൽകുന്നത്. അത് അങ്ങനെയാണെങ്കിൽ, പഴയനിയമത്തിലെ ദൈവിക പ്രവാചകന്മാരും, ദൈവശ്വാസിയരായ ആളുകളിൽ കൂടെ ഒരർത്ഥത്തിൽ, ക്രിസ്തുവായിരുന്നു അവരോട് "സുവിശേഷം" പ്രസംഗിച്ചത്. യേശു "പ്രസംഗിച്ചവർ" (3:19) ഈ വാക്യത്തിൽ "മരിച്ചവർ" ആയിരുന്നു. ഈ വ്യാഖ്യാനമാണ് പത്രൊസിന്റെ വായനക്കാർ മനസിലാക്കണമെന്ന് പത്രൊസ് ആഗ്രഹിച്ചത്. (2) 3:19 ന്റെ അർത്ഥം യേശു ക്രൂശിക്കപ്പെട്ടതിനും ഉയർത്തെഴുന്നേറ്റതിനും ഇടക്ക് മരിച്ചവരുടെ ലോകത്തിലേക്ക് പോയി എന്നാണെങ്കിൽ, വിശ്വസ്തരായി മരിച്ചവരോട് ക്രൂശിലെ വിജയം അറിയിക്കുന്നതിനായിരിക്കും. മുൻപ് മരിച്ചവർ ജീവനോടെ ക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രമെ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളു. അതുകൊണ്ട് അവർ വിശ്വസിച്ച് രക്ഷിക്കപ്പെടുവാനായി അവൻ അവരോട് തന്റെ ജയം വിവരിച്ചിരിക്കും. ആ സുവിശേഷ പ്രസംഗം മരിച്ച എല്ലാവർക്കുമായിരുന്നില്ല, അല്ലെങ്കിൽ ജീവനോടുകൂടെ ആയിരുന്നപ്പോൾ അനുസരിക്കാതിരുന്നവർക്ക് രണ്ടാമത് ഒരു അവസരവും നൽകുന്നതായിരുന്നില്ല. മറിച്ച്, ക്രിസ്തുവിനു മുൻപ് ജീവിച്ചിരുന്ന വിശ്വസ്തരായ ആളുകൾക്ക് കേൾക്കുവാനും വിശ്വസിക്കുവാനും രക്ഷിക്കപ്പെടുവാനും കഴിഞ്ഞിരുന്നു. ഭൂമിയിൽ ജീവിച്ചിരുന്ന വിശ്വസ്തർക്ക് ലഭിച്ച അതേ അറിയിപ്പ് തന്നെയാണ്, വിശ്വസിക്കാതെ അനുസരിക്കാതെ മരിച്ചുപോയവർക്കും ലഭിച്ചത്.

മരിച്ചവരോട് **ജഡത്തിൽ അവർ മനുഷ്യരായി ജീവിച്ചിരുന്നപ്പോൾ അവരെ വിധിച്ചുവെങ്കിലും,** യേശു പ്രസംഗിച്ചു എന്നാണ് പത്രൊസ് പറയുന്നത്, "അവർ ആത്മാവിൽ ജീവിച്ചേക്കാം." ജഡത്തിൽ മനുഷ്യരായി വിധിക്കപ്പെടുക എന്നാൽ എന്താണ് അർത്ഥം? "മനുഷ്യരായി" എന്നാണ് എൻഏഎസ്ബിയിൽ (*കാറ്റാ ആന്ത്രോപൗവസ്*) അർത്ഥം, "മനുഷ്യന്റെ പ്രകൃതിയനുസരിച്ച്" അല്ലെങ്കിൽ "മനുഷ്യരുടെ ക്രമമനുസരിച്ച്" എന്നാണ്. ക്രിസ്ത്യാനികൾക്ക് വീണ്ടും ഉറപ്പ് കൊടുക്കുന്നത്, എല്ലാവരേയും പോലെ അവരും മരിക്കുമെങ്കിലും മരണത്തോടെ അവസാനിക്കുന്നില്ല എന്നതാണ്. പാപം നിമിത്തം ക്രിസ്ത്യാനികളും അ-ക്രൈസ്തവരും ഒരു പോലെ മരിക്കും. എന്നാൽ വിശ്വാസികളെ അപ്പൊസ്തലൻ വീണ്ടും ഉറപ്പിക്കുന്നത് അവർക്ക് മരിക്കേണ്ടി വന്നാലും, ക്രിസ്തുവിന്റെ സന്ദർശന ദിവസം അവൻ അവരെ വീണ്ടെടുക്കും. എൻആർഎസ്വി ചെറിയ വാക്കാണ് പറയുന്നതെങ്കിലും, അർത്ഥം വ്യക്തമാക്കുന്നു: "... എല്ലാവരേയും വിധിക്കുന്നതുപോലെ അവരെയും ജഡത്തിൽ വിധിക്കുമെങ്കിലും, ദൈവം അവരെ ആത്മാവിൽ ജീവിപ്പിക്കും." "ജഡത്തിൽ മനുഷ്യരായി വിധിക്കപ്പെടുക" എന്നാൽ എല്ലാവരേയും പോലെ അവരും മരിക്കും എന്നാണ് അർത്ഥം. ഭൗതികമായി ജീവിക്കുന്ന വിശ്വാസികളിലും അ-വിശ്വാസികളിലും ഒരേ ഫലമാണ് പാപം പുറപ്പെടുവിക്കുന്നത്. എങ്ങനെയായാലും, വിശ്വാസിക്ക് മരണം അവസാനമല്ല. ക്രിസ്തു ന്യായാധിപൻ ആകയാൽ **ദൈവേഷ്ടം അനുസരിച്ച്** "അവർ ആത്മാവിൽ ജീവിച്ചേക്കാം."

### അവസാനം സമീപിച്ചിരിക്കുന്നു
### (4:7-11)

**7എന്നാൽ എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനെക്ക് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ. 8സകലത്തിനും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ, സ്നേഹം പാപങ്ങളുടെ ബഹുത്വം മറെക്കുന്നു. 9പിറുപിറുപ്പ് കൂടാതെ തമ്മിൽ അതിഥിസൽക്കാരം ആചരിപ്പിൻ. 10ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ. 11ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നൽകുന്ന പ്രാപ്തിക്ക് ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തു മൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളത് ആമേൻ.**

മുൻപ് അവരുടെ ജീവിതത്തിൽ ഉണ്ടായിരുന്ന പാപങ്ങളിലേക്ക് മടങ്ങി പോകരുത് എന്നായിരുന്നു പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞത്. അവരെ ഉപദ്രവിച്ചവർ ജീവികളെയും മരിച്ചവരെയും ന്യായം വിധിക്കുന്നവന്നു കണക്കുകൊടുക്കണമെന്ന് അവൻ അവരെ ഓർപ്പിച്ചു. അതിലുപരിയായി, അവർ മരണത്തിന് അധീനരാണെങ്കിലും, യേശു അവരെ ആത്മാവിൽ ജീവിപ്പിക്കുമെന്നും ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ഇപ്പോൾ അവൻ അവരുടെ ദൗത്യത്തിന്റെ അടിയന്തരാവസ്ഥ ബോധ്യമാക്കുകയാണ്. യേശുക്രിസ്തുവിന്റെ സന്ദർശന

സമയം അടുത്തിരിക്കുന്നു, അതിനിടക്ക് അവർ ദൈവരാജ്യത്തിനു യോഗ്യ മായ വിധത്തിൽ ജീവിക്കണം. സേവനം, അന്യോന്യമുള്ള സ്നേഹം, ദൈവ മഹത്വം എന്നിവയാണ് ജീവിതത്തിൽ പ്രകടമാകേണ്ടത്.

**വാക്യം 7.** മങ്ങിയ, അനിശ്ചിതമായ ഭാവിയിൽ കർത്താവ് വരുമെന്ന ബോധ്യവും അവന്റെ പ്രത്യക്ഷത ആസന്നമായിരിക്കുന്നു എന്നു പറയുന്നതും തമ്മിൽ വളരെ അന്തരമുണ്ട്. ആദ്യ ക്രിസ്ത്യാനികൾക്ക് കർത്താവിന്റെ വരവ് ആസന്നമായിരുന്നു (1 കൊ. 7:29; ഫിലി. 4:5; യാക്കൊ. 5:8). **അവസാനം സമീപി ച്ചിരിക്കുന്നു.** വാക്യത്തെ ആത്മിയവൽക്കരിക്കുവാൻ ശ്രമിക്കുന്നത് അതിനോട് അനീതി പുലർത്തുന്നതായിരിക്കും. ഇത് വ്യക്തിപരമായ വിശ്വാസിയുടെ മരണം ആസന്നമായിരിക്കുന്നു എന്നല്ല പറയുന്നത്. "എല്ലാറ്റിന്റേയും അവ സാനം സമീപമായിരിക്കുന്നു" എന്ന് പറയുന്നതും ഒരു മനുഷ്യൻ "ഏതു നിമിഷവും മരിച്ചേക്കാം" എന്നു പറയുന്നതും തികച്ചും വ്യത്യാസമുള്ള പ്രസ്താവനകളാണ്. "എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരിക്കുന്നു" എന്നു കാണുമ്പോൾ ആളുകളുടെ ജീവിതം വ്യത്യസ്തമായിരിക്കും.

ദൈവത്തിന്റെ കാഹളനാദത്തിനായിട്ടായിരുന്നു പത്രൊസും അവന്റെ വായനക്കാരും നോക്കിയിരുന്നത് (1 തെസ്സ. 4:16). കർത്താവ് കള്ളനെ പോലെ വരുന്ന നാഴിക (1 തെസ്സ. 5:2; 2 പത്രൊ. 3:10) "അടുത്തിരിക്കുന്നു" എന്നായി രുന്നു അവരുടെ വിശ്വാസം. ചില ആനുകാലിക ക്രിസ്ത്യാനികൾ കരുതുന്നത് ഈ കാര്യത്തിൽ പത്രൊസിന് തെറ്റു പറ്റി എന്നാണ്. രണ്ടായിരത്തിലധികം വർഷങ്ങൾ കഴിഞ്ഞിട്ടും അവൻ ഇതുവരെ മടങ്ങി വന്നിട്ടില്ല. അത്തരം ചിന്ത വേദഭാഗത്തിന്റെ പോയിന്റ് നഷ്ടമാക്കുകയാണ്. ക്രിസ്ത്യാനികൾ ഓരോ സമയത്തും പ്രതീക്ഷയോടെയാണ് ജീവിക്കേണ്ടത്. ജോൺ മുറേ അതിനെ കുറിച്ച് നന്നായി ഇങ്ങനെ പറഞ്ഞു, "ക്ഷണികവും താൽക്കാലികവുമായ രീതിയിലാണ് എസ്ക്കറ്റോളജിക്കൽ കാഴ്ച്ചപ്പാട്."[4] "നാം ഭാഗ്യകരമായ പ്രത്യാ ശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തിരുന്നു" (തിത്തൊ. 2:13) വിശുദ്ധ ജീവിതം നയിക്കുന്നു. അവന്റെ വരവ് സമീപമാണെന്ന് അറിയാതെ വിശ്വാ സികൾ എങ്ങനെയാണ് പ്രതീക്ഷയോടെ ഇരിക്കുന്നത്? "അവൻ ... പറയുന്നു, അതെ, ഞാൻ വേഗം വരുന്നു. കർത്താവേ വേഗം വരേണമേ" (വെളി. 22:20).

തന്റെ മടങ്ങി വരവിനെ കുറിച്ച് മത്തായി 24; 25-ൽ, യേശു തന്റെ ശിഷ്യ ന്മാരോട് "ഒലിവ് പ്രസംഗത്തിൽ" പറഞ്ഞു. കൃത്യസമയത്തെ കുറിച്ച് ഊഹി ക്കുന്നത് പ്രയോജനരഹിതമാണ് (മത്താ. 24:26). അവൻ ഉപമകളുടെ ഒരു പ രമ്പര തന്നെ പറഞ്ഞിരിക്കുന്നു. ഒരു ദാസന്റെ യജമാനൻ പെട്ടെന്നു വരുന്ന തിനെ കുറിച്ചുള്ളതാണ് അവയിൽ ഒന്ന്. യജമാനന്റെ മടങ്ങി വരവിനെ കുറിച്ച് ഉപമയിൽ പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ തന്നെ മടങ്ങിവരവിനെ ദൃഷ്ടാ ന്തമാക്കിയിരിക്കുകയാണ്, ലോകത്തുള്ള വസ്തുക്കളുടെ എല്ലാം അന്ത്യം വളരെ പെട്ടെന്നായിരിക്കും എന്ന് കർത്താവ് മുന്നറിയിച്ചിരിക്കുന്നു (മത്താ. 24:45-51). നേരെ മറിച്ച്, അവന്റെ മടങ്ങിവരവിനു താമസവും നേരിട്ടേക്കാം.

അടുത്ത ഉപമ ബുദ്ധിയുള്ളതും ബുദ്ധിയില്ലാത്തതുമായ കന്യകമാരുടേതാ ണ്. ക്രിസ്തുവിന്റെ വരവ് പോലെയാണ് അവിടെ പറയുന്ന മണവാളന്റെ വരവും. ചിലർ വിചാരിച്ചതിന് വിപരീതമായി കർത്താവ് വരുവാൻ താമസി ച്ചേക്കാമെന്നാണ് ഈ ഉപമ പഠിപ്പിക്കുന്നത് (മത്താ. 25:1-13). ഒന്നാമത്തെ ഉപമ അവസാനിപ്പിച്ചതുപോലെ യേശു രണ്ടാമത്തെ ഉപമയും അവസാനി

പ്പിച്ചിരിക്കുന്നു: “ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കയാൽ ഉണർന്നിരിപ്പിൻ” (മത്താ. 25:13). കർത്താവിന്റെ വരവ് ആസന്നമാണെന്നും താമസിക്കുമെന്നുമുള്ള ദൂത് ബൈബിളിൽ ഉടനീളം പറയുന്നു. കർത്താവിന്റെ നാൾ സമീപിച്ചിരിക്കുന്നു (യെശ. 56:1; സെഫ. 1:12; യോവേ. 3:14), അനിശ്ചിതഭാവിയിലേക്ക് ദൈവം തിരഞ്ഞെടുത്തിരിക്കുന്ന പ്രവൃത്തിയാണ് ന്യായവിധി. “സകലത്തിന്റേയും അവസാനം” എപ്പോൾ സംഭവിക്കുമെന്ന് കർത്താവിന്റെ നിർദ്ദേശത്താൽ കൃത്യമായി പത്രൊസ് പറയുന്നില്ല. അവന്റെ മടങ്ങിവരവ് പ്രതീക്ഷിച്ചു, കാത്തിരുന്നുകൊണ്ട് വേണം ക്രിസ്ത്യാനികൾ ജീവിക്കുവാൻ എന്നാണ് അപ്പൊസ്തലൻ നിർദ്ദേശിച്ചത്. കർത്താവിന്റെ മടങ്ങിവരവല്ല സഭയുടെ ഉപദേശം: കർത്താവ് വേഗം വരുമെന്നാണ്. ക്രിസ്ത്യാനികൾ അന്ത്യനാളുകളിലാണ് ജീവിക്കുന്നത്. നാഴിക തോറും അവർ അവന്റെ വരവിനായി കാത്തിരിക്കണം. അത് അങ്ങനെയാണെങ്കിൽ, അവർ വിശുദ്ധിയിൽ നന്മയും മനസലിവുമുള്ളവരായി ജീവിക്കണം.

അവസാന കാലത്തെ കുറിച്ച് പത്രൊസ് പറഞ്ഞപ്പോൾ, യേശു ഈ ഭൂമിയിൽ വന്ന് ആയിരം വർഷം ഭരിക്കുമെന്ന് പറഞ്ഞില്ല. മഹോപദ്രവത്തെ കുറിച്ചോ, എതിർക്രിസ്തുവിനെ കുറിച്ചോ, അർമ്മഗദോനെ കുറിച്ചോ പറഞ്ഞില്ല. യേശുക്രിസ്തുവിന്റെ വരവിൽ അവൻ “ജീവികളെയും മരിച്ചവരെയും ന്യായം വിധിക്കും” (4:5). അതായിരിക്കും “സകലത്തിന്റേയും അവസാനം,” അതായത് ഭൗതികലോകത്തിലുള്ള എല്ലാം അല്ലെങ്കിൽ, നാം ഇപ്പോൾ അറിയുന്ന മനുഷ്യ ജീവിതം. ക്രിസ്തു മനുഷ്യ ചരിത്രത്തിൽ സന്നിഹിതനാകുകയും മനുഷ്യരെ വീണ്ടെടുക്കുവാനുള്ള ദൈവ പദ്ധതി പൂർത്തിയാക്കുകയും ചെയ്തു. അവൻ തേജസിൽ മടങ്ങിവരുന്നതു മാത്രമാണ് ഇനി അവശേഷിക്കുന്നത്. അവൻ വരുമ്പോൾ, എല്ലാ മുഴങ്കാലും മടങ്ങുകയും എല്ലാ നാവും ഏറ്റു പറയുകയും ചെയ്യും (ഫിലി. 2:10).

അവസാന കാര്യങ്ങളെ (കർത്താവിന്റെ മടങ്ങി വരവ്, ന്യായവിധി, വരുവാനുള്ള നിത്യത) സാങ്കേതികമായി പറയുന്ന പദമാണ് “എസ്ക്കറ്റോളജി.” ഭാവിയിൽ എന്തു സംഭവിക്കുമെന്നതിനെ കുറിച്ച് വെറും ഊഹം മാത്രമല്ല. അങ്ങനെയുള്ള ഊഹം സമയം പാഴാക്കുവാൻ മാത്രമെ ഉപകരിക്കയുള്ളു. മറിച്ച് കർത്താവിന്റെ മടങ്ങി വരവും, അതിനോടനുബന്ധിച്ച് നടക്കുന്ന ന്യായവിധിയും ദൈവഭക്തിയിൽ ജീവിക്കേണ്ടതിന്റെ അടിയന്തിരാവസ്ഥ കാണിക്കുകയാണ്. കർത്താവിന്റെ മടങ്ങി വരവ് “ആസന്നം” ആയിരിക്കയാൽ, ക്രിസ്ത്യാനികൾ **പ്രാർത്ഥനെക്ക് സുബോധമുള്ളവരും നിർമ്മദരും ആയിരിക്കണം**. പുതിയനിയമത്തിൽ എസ്ക്കറ്റോളജി എല്ലായ്പോഴും ധാർമ്മികതയെ വെളിപ്പെടുത്തുന്നതാണ്. ദൈവഭക്തിയുള്ള ജീവിതമാണ് അത് ആവശ്യപ്പെടുന്നത്.

‘‘നിർമ്മദരായിരിക്കുക’’ (*സോഫ്രോണെയോ*), ‘‘സുബോധമുള്ളവർ ആകുക’’ (*നെഫോ*) എന്നിവ ഒരേ അർത്ഥമുള്ള രണ്ട് ഗ്രീക്ക് ആജ്ഞയുള്ള വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. അവസാന കാലം ക്രിസ്ത്യാനികൾക്ക് സുബോധവും, ശരിയായ-ചിന്തയും, സ്വയ-നിയന്ത്രണവും ഉള്ളവരാകുവാൻ പ്രചോദിപ്പിക്കുന്നു. 1 പത്രൊസ് 1:13-ൽ, അപ്പൊസ്തലൻ എഴുതി, “നിങ്ങളുടെ മനസ് ഉറപ്പിക്കുക,” അല്ലെങ്കിൽ കൂടുതൽ അക്ഷരികമായി പറഞ്ഞാൽ, “നിങ്ങളുടെ മനസിനെ പ്രവൃത്തിക്കായി ഒരുക്കുക.” (കെജവി). അവിടെയും പത്രൊസ് ക്രിയയായ “സോബർ” എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. “എല്ലാറ്റിന്റേയും

അവസാനം സമീപിച്ചിരിക്കയാൽ" പാപത്തെ ഒരാളുടെ ജീവിതത്തിൽനിന്നും മാറ്റി നിർത്തുവാനുള്ള സമയമായി; ദൈവഭക്തി വാഴേണ്ട സമയമായി. അപ്പൊസ്തലൻ മറ്റൊരു ഭാഗത്ത് എഴുതിയിരിക്കുന്നു, "ഇങ്ങനെ ഇവയൊക്കെയും അഴിവാനുള്ളതായിരിക്കയാൽ എത്ര ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം" (2 പത്രൊ. 3:11).

പ്രാർത്ഥനക്ക് മുൻപ് സുബുദ്ധിയോടിരിപ്പാനാണ് അപേക്ഷിച്ചത്-അത് "പ്രാർത്ഥനക്ക് വേണ്ടിയാണ്." ദൈവത്തോടുള്ള നമ്മുടെ ബന്ധം ഗൗരവമുള്ളതാണെന്ന് പത്രൊസ് ഓർപ്പിക്കുകയായിരുന്നു.[5] ആപത്ത് നേരിടുമ്പോൾ, ഒളിക്കുവാനുള്ള മാർഗമായി മതത്തെ സ്വീകരിക്കുകയല്ല വേണ്ടത്. ദൈവത്തെ ആരാധിക്കുമ്പോൾ, പുകഴ്ത്തുമ്പോഴും, പ്രാർത്ഥിക്കുമ്പോഴും, ആദരവോടും ബഹുമാനത്തോടും കൂടെ വേണമെന്നാണ് പത്രൊസിന്റെ വാക്കുകൾ ഓർപ്പിക്കുന്നത്. പ്രാർത്ഥനയുടെ ഉദ്ദേശത്തിനും പ്രവൃത്തിക്കും ഒരു സ്ഥിരവ്യവസ്ഥയൊന്നും ബൈബിൾ എടുത്തു കാണിക്കുന്നില്ല. കൂടാതെ തന്റെ ജനത്തിന്റെ പ്രാർത്ഥന കെൾക്കുമെന്നും പ്രതികരിക്കുമെന്നുമാണ് തിരുവെഴുത്ത് പറയുന്നത്. "അവർ വിളിക്കുന്നതിനു മുമ്പെ ഞാൻ ഉത്തരമരുളും; അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഞാൻ കേൾക്കും" (യെശ. 65:24).

ദൈവസന്നിധിയിലേക്ക് വരുന്നത് ഗൗരവമുള്ള കാര്യമാണ്, ഉള്ളിലേക്ക് നോക്കി, ഭയത്തോടെയാണ് ദൈവത്തെ സമീപിക്കേണ്ടത്. ദൈവമഹത്വമുണ്ടെന്ന് അവകാശപ്പെടുന്ന സഭായോഗങ്ങളിൽ "ഗൗരവം" കാണുന്നില്ല. ഇരുപത്തി-ഒന്നാം നൂറ്റാണ്ടിൽ, സഭയുടെ കൂട്ടായ്മയിലേക്ക് അമേരിക്കൻ വിനോദ വ്യവസായം ഇറക്കുമതി ചെയ്തിരിക്കുകയാണോ എന്നു സംശയിക്കുന്നു. ആരാധന എന്നു പറയുന്നത് ചിലരുടെ മനസിൽ സംഗീത വിരുന്നു പോലെയാണ്, ആവേശവും രസവും ജനിപ്പിക്കുന്നതാണ്. ആരാധന സന്തോഷപ്രദമാകണം, എന്നാൽ സന്തോഷം തമാശയിൽനിന്നാകരുത്. ഗിറ്റാറും, റോക്ക് ബാന്റും ദൈവജനം ആരാധനയിൽ ഉപയോഗിക്കുമ്പോൾ, സുബോധത്താലുള്ള നിരപ്പ് പ്രയാസമായിരിക്കും. അത്തരം സഭായോഗങ്ങളിൽ ചിലപ്പോൾ താളത്തിനൊത്ത് കയ്യടിക്കുകയും ചെയ്യും. ദൈവജനം ദൈവത്തെ പ്രസാദിപ്പിക്കുവാനായി കൂടി വരുമ്പോൾ, മാനസാന്തരം, പ്രതിഫലനം, ഓർമ്മ, സ്തോത്രം എന്നിവയാണ് ഓരോരുത്തരിലും വേണ്ടത് എന്ന് പത്രൊസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നു, "പ്രാർത്ഥനെക്ക് സുബോധമുള്ളവരും നിർമ്മദരും ആയിരിപ്പിൻ."

**വാക്യം 8**. ചില രീതിയിലുള്ള സുരക്ഷിതത്വ മനോഭാവം ആ അവസരത്തിൽ യോജിച്ചതായിരിക്കാം. എന്നാൽ അതു മാത്രമല്ല ക്രിസ്തീയ ജീവിതം എന്നു പറയുന്നത്, എന്നാൽ അത് ഒരു ഭാഗമാണ്. പുറത്തുനിന്ന് ചിലപ്പോൾ ക്രിസ്ത്യാനികൾ ആക്രമിക്കപ്പെടുമ്പോൾ, അവർ ചിലപ്പോൾ പിന്തുണക്കായി കൂട്ടം കൂടും. വാക്യം 8-ൽ പത്രൊസ് പറയുന്നത് സമൂഹത്തിനായി അന്യോന്യം സ്നേഹിക്കുവാനാണ് കൂട്ടം കൂടേണ്ടത്.

വിശ്വാസികൾ അവിശ്വാസികൾക്കൊപ്പം "അതേ കവിച്ചലിൽ ചേർന്നു നടക്കാതിരിക്കുന്നതിനാൽ" അവർ അതിശയിച്ചുപോകും (4:4). അവർ "ജീവികളെയും മരിച്ചവരെയും ന്യായം വിധിക്കുന്നവന്നു" കണക്കു കൊടുക്കേണ്ടിവരും എന്ന കാര്യം ക്രിസ്ത്യാനികൾ ഓർമ്മിക്കണം (4:5). അവസാനം നീതി ജയിക്കും. ഒരുവശത്ത്, ക്രിസ്ത്യാനികൾ ശത്രുക്കളോട് ദയയും ബഹുമാനവും കാണിക്കണം, മറു വശത്ത് ക്രിസ്തുവിനോടുകൂടെ തീർച്ചയായും ജയിക്കുമെന്ന ഉറപ്പുമുണ്ട്. ക്രിസ്തു മടങ്ങി വരുമ്പോൾ അവൻ അവരെ

വിധിക്കും. തന്റെ സന്നിധിയിൽനിന്നു ദൈവം അഭക്തരെയെല്ലാം തുടച്ചു നീക്കും. ക്രിസ്ത്യാനിയുടെ ദൗത്യം തന്റെ വിശ്വാസം വ്യക്തതയില്ലാതെ കഴിയുന്നവരെ ചേർക്കുന്നതിന് വിശ്വാസം പങ്കിടുക എന്നതാണ്. തന്റെ വിശ്വാസം പങ്കിടാത്തവരുമായി ക്രിസ്ത്യാനിക്ക് പങ്കില്ല, എന്നാൽ അവരും ദൈവത്തിന്റെ പുതിയ സൃഷ്ടികളാണ് എന്ന കാര്യം മറക്കരുത്.

പുറത്തുള്ളവർക്ക് വ്യക്തതയില്ലായിരിക്കാം, എന്നാൽ ക്രിസ്ത്യാനികൾ വിശ്വാസം പങ്കിട്ടവർ അങ്ങനെയല്ല. പത്രൊസ് വിശ്വാസികളോട് **തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ** എന്നു പറഞ്ഞു. ആ ആജ്ഞ ജെ. എൻ. ഡി. കെല്ലി തർജിമ ചെയ്തിരിക്കുന്നത്, "എല്ലാറ്റിനും മീതെ, അന്യോന്യം പൂർണ്ണ സ്നേഹം ആചരിപ്പിൻ."[6] ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹം വളരുന്നതിനാൽ ക്രിസ്ത്യാനികളിൽ ഉള്ളതാണ് അന്യോന്യമുള്ള സ്നേഹം. 1:8 ൽ അപ്പൊസ്തലൻ പറഞ്ഞു, "നിങ്ങൾ അവനെ കണ്ടിട്ടില്ലെങ്കിലും, സ്നേഹിക്കുന്നു." ഉപദേശമായിരുന്നില്ല പത്രൊസിന്റെ വായനക്കാരുടെ ഒഴിച്ചുകൂടാനാവാത്ത ആവശ്യം.[7] ക്രിസ്തു ആരാണെന്നും അവൻ തങ്ങൾക്ക് എന്തു ചെയ്തു എന്നും അവർ അറിഞ്ഞിരുന്നു (2:21–25). കർത്താവ് മടങ്ങി വരുമെന്നും അവന്റെ പ്രത്യക്ഷത വരെ എങ്ങനെ ജീവിക്കണമെന്നും അവർ അറിഞ്ഞിരുന്നു. അവയെല്ലാം സത്യമാണെന്നിരിക്കെ ക്രിസ്തുവിന്റെ രാജ്യം അവർക്കിടയിൽ ഉണ്ടെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. ക്രിസ്തുവിന്റെ അനുഗ്രഹങ്ങൾ ആസ്വദിച്ച്, ഒരു പരിധി വരെ അവർ അന്യോന്യം സ്നേഹിച്ചിരുന്നു. വിശ്വാസികൾ കർത്താവിന്റെ ശരീരത്തിൽ നിലക്കാത്ത സ്നേഹം ആചരിക്കുമ്പോൾ, അവർ സ്വർഗത്തിന്റെ നിഴലായി മാറുന്നു. യേശു പറഞ്ഞു, "നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ട് എങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും" (യോഹ. 13:35).

പത്രൊസ് പിന്നെ കൂട്ടിച്ചേർത്തു, **സ്നേഹം പാപത്തിന്റെ ബഹുത്വം മറെക്കുന്നു**. ആ പ്രസ്താവന മുഴുവനും വ്യക്തമല്ല. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം നിമിത്തമാണ് അവരെ വീണ്ടെടുക്കുവാൻ ക്രിസ്തുവിനെ അയച്ചത് എന്നായിരിക്കാം പത്രൊസ് അവരെ ഓർപ്പിക്കുന്നത്. ന്യായവിധി നാളിൽ, ക്രിസ്തുവിന്റെ പ്രായശ്ചിത്ത ബലി നിമിത്തം ദൈവം പാപങ്ങളുടെ ബഹുത്വം മറെക്കുന്നു.[8] പത്രൊസ് 4:1 ലെ പാപത്തെ കുറിച്ചുള്ള ചർച്ച തുടരുകയാകാം എന്നതാണ് മറ്റൊരു സാധ്യത. ക്രിസ്ത്യാനിയെ സംബന്ധിച്ച് പാപം മതിയായത്ര ആയി കഴിഞ്ഞിരുന്നു; അതിനാൽ അവൻ അതിനെ വിട്ടുകളഞ്ഞിരുന്നു. 4:8 ൽ പത്രൊസ് പറയുന്നത്, ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാരുമായി അന്യോന്യം സ്നേഹിക്കുമ്പോൾ പാപങ്ങളോട് ചെറുത്തുനിൽപാനുള്ള ശക്തി ലഭിക്കുകയാണ്. പാപങ്ങളെ മറെക്കുക എന്നു പറഞ്ഞാൽ, ഒരാളുടെ ജീവിതത്തിൽനിന്നു പാപങ്ങളെ മായിച്ചുകളയുക എന്നാണ് അർത്ഥം. സ്നേഹം നിമിത്തമാണ് ഒരാൾ പാപത്തെ ഉപേക്ഷിച്ചു കളയുന്നത്.[9] രണ്ട് വ്യാഖ്യാനങ്ങളും അർത്ഥവത്താണെങ്കിലും, നല്ല തർജ്ജിമ ഉണ്ട്. വിശ്വാസികൾ, ക്രിസ്തുവിന്റെ സമൂഹത്തിൽ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു പ്രബോധിച്ചശേഷമാണ് ആ പ്രസ്താവന നടത്തിയത്. വിശ്വാസികൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിനെ വിവരിക്കുന്നതാണ് "സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു" എന്നത്. ആധുനിക ക്രിസ്ത്യാനികൾ ഓരോരുത്തരുടേയും പ്രവൃത്തികൾ കണ്ട് പരസ്പരം സ്നേഹത്തോടെ സംസാരിക്കണം എന്നു പറയുന്നതുപോലെയാകാം പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞത്.

മറ്റു ക്രിസ്ത്യാനികളുമായി സഹകരിക്കാതെ ക്രിസ്ത്യാനിയായി ജീവിക്കുക പ്രയാസമാണ്. ക്രിസ്തുവിനെ സേവിക്കുക എന്നു പറയുന്നത് സമൂഹത്തെ സേവിക്കലാണ്. പരാജയപ്പെടാത്ത സ്നേഹം അന്യോന്യം പ്രകടിപ്പിക്കുമോ എന്നു നോക്കുന്നതുപോലെ ക്രിസ്തു നമ്മെ മറ്റൊരു വിധത്തിലും പരിശോധിക്കുകയില്ലായിരിക്കാം. ആളുകൾ കൂടുതൽ അടുത്ത് പെരുമാറുമ്പോൾ, ചിലരിൽ ശുണ്ഠി പിടിപ്പിക്കുന്ന മര്യാദയില്ലാത്ത സംസാരമോ പെരുമാറ്റമോ കാണാം. വിശ്വാസികൾ തങ്ങളുടെ വിശ്വാസം പങ്കിടുന്നവരിലുള്ള ശുണ്ഠിപിടിപ്പിക്കുന്ന സ്വഭാവത്തോട് എങ്ങനെ പ്രതികരിക്കും? അതിനുള്ള പത്രൊസിന്റെ മറുപടി ഇതാ: "സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു." തീർച്ചയായും, സഭ സമാധാനത്തിലും, യോജിപ്പിലും, നല്ല മനസിലും ക്രിസ്ത്യാനികൾ അന്യോന്യം സ്നേഹിക്കുകയാണെങ്കിൽ, "പാപങ്ങളുടെ ബഹുത്വം മറെക്കും."

ക്രിസ്ത്യാനികൾ കൂടിവരുമ്പോൾ ഇടർച്ച വരാതിരിക്കുന്ന സന്ദർഭം വിരളമായിരിക്കും. മര്യാദയില്ലായ്മക്കും, ഗണ്യമാക്കാതെയുള്ള പെരുമാറ്റത്തിനും യാതൊരു ഒഴികഴിവുമില്ല; അപ്പോഴും ചിലർ പെട്ടെന്ന് ആർക്കെങ്കിലും ഇടർച്ച വരുത്തും. തങ്ങളെ ആലംബമാക്കുന്നവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുവാനുള്ള സ്ഥാനമല്ല യേശുക്രിസ്തുവിന്റെ സഭ. ഓരോ ക്രിസ്ത്യാനിയും ഒന്നുകിൽ ഇടർച്ച വരുത്തുകയോ അല്ലെങ്കിൽ ഇടർച്ചക്ക് വിധേയപ്പെടുകയോ ചെയ്യുന്ന സമയം ഉണ്ടാകാം. തമ്മിൽ തടസങ്ങൾ വരാത്തവിധത്തിൽ വാക്കുകൾ ഉപയോഗിക്കുവാൻ ക്രിസ്ത്യാനികൾ ശീലിക്കണം. "ഉയർന്ന അറ്റകുറ്റപ്പണി നടത്തുന്ന" ക്രിസ്ത്യാനികൾ ശല്യമായിരിക്കും. തങ്ങളുടെ ആവശ്യങ്ങളുടെ പരാതി നിരത്തുന്നവർക്ക് ആരുടെയെങ്കിലും പാപത്തെ അവഗണിക്കുക പ്രയാസമായിരിക്കും. ക്രിസ്തുവിന്റെ സമൂഹത്തിലുള്ളവർ "പാപങ്ങളുടെ ബഹുത്വം മറെക്കും" കാരണം ക്രിസ്ത്യാനികൾ സ്വീകരിച്ചിരിക്കുന്ന കർത്താവ് പാപങ്ങളുടെ ബഹുത്വം മറച്ചവനാണ്. മറ്റൊരാളുടെ ബലഹീനത പക്വതയുള്ള ക്രിസ്ത്യാനികൾക്ക് സ്നേഹിക്കുവാൻ തടസമാകുന്നില്ല. അവർ കർത്താവിൽനിന്നും അനുഭവിച്ച സ്നേഹവും പാപമോചനവും മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കും.

കർത്താവ് തന്റെ ജനത്തോട് നൽകിയ നിർദ്ദേശമായ "സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കും" എന്നത് പരക്കെ ദുർവ്വിനിയോഗം ചെയ്തിരിക്കുന്നതായി കാണുന്നു. കൊരിന്ത്യസഭയിൽ ഒരാൾ പരസംഗം ചെയ്തു ജീവിച്ചുകൊണ്ടിരുന്നപ്പോൾ, സ്നേഹം പാപങ്ങളുടെ ബഹുത്വം മറെക്കും എന്ന തത്വമല്ല പൗലൊസ് സ്വീകരിച്ചത് (1 കൊ. 5). ചിലപ്പോൾ ഒരു സഹോദരനോ സഹോദരിയോ പാപത്തിലാണെന്ന് കാണുമ്പോൾ ക്രിസ്ത്യാനികൾ ആ വ്യക്തിക്ക് മാനസാന്തരം ആവശ്യമാണെന്ന് സ്നേഹത്തോടെ ബോധ്യമാക്കണം. സ്നേഹം ചിലപ്പോൾ ശാസനയും ആവശ്യപ്പെടും. ജ്ഞാനിയായ സഹോദരനോ സഹോദരിയോ ആ ശാസന ഹൃദയംഗമമായി സ്വീകരിക്കും. പാപം ചെയ്യുവാനുള്ള ലൈസൻസായി പത്രൊസിന്റെ പ്രസ്താവനയെ എടുക്കരുത്.

**വാക്യം 9.** പുരാതന മദ്ധ്യധരണ്യാഴി ലോകത്ത് അതിഥിസൽക്കാരം വലിയ വിലയുള്ള ഒന്നായിരുന്നു. അത് പുതിയ നിയമത്തിൽ ആവർത്തിച്ച് വരുന്നുണ്ട്. ഭാഗ്യവാന്മാരെ കുറിച്ച് പറയുമ്പോൾ, യേശു പറഞ്ഞു, "ഞാൻ അതിഥിയായിരുന്നു; നിങ്ങൾ എന്നെ ചേർത്തുകൊണ്ടു" (മത്താ. 25:35). ശരി

യായി അതിഥി സൽക്കാരം നടത്താതിരുന്നതിന് കർത്താവ് പരീശനായിരുന്ന ശിമോനെ ശാസിക്കയുണ്ടായി (ലൂക്കൊ. 7:44–47). അർത്ഥരാത്രിയിൽ ഒരു മനുഷ്യൻ അതിഥിസൽക്കാരത്തിന് തന്റെ സ്നേഹിതന്റെ അടുക്കൽ വന്ന ഉപമ യേശു പഠിപ്പിച്ചു (ലൂക്കൊ. 11:5–8). അതിഥി സൽക്കാരം ആചരിപ്പാനായി പൗലൊസ് റോമിലുള്ള ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചിരുന്നു (റോമ. 12:13). എബ്രായ ലേഖകൻ കൂട്ടിച്ചേർത്തു, "അതിഥി സൽക്കാരം മറക്കരുത്; അതിനാൽ ചിലർ അറിയാതെ ദൈവദൂതന്മാരെ സൽക്കരിച്ചിട്ടുണ്ടല്ലോ" (എബ്രാ. 13:2). അതിഥി സൽക്കാരം ആചരിക്കുന്നതിനെ കുറിച്ചാണ് മൂന്നു യോഹന്നാന്റെ ലേഖനം ആകമൊത്തം പറയുന്നത്. ആ വാക്കുകളെയെല്ലാം ക്രോഡീകരിച്ച് പത്രൊസ് പറയുന്നു, പിറുപിറുപ്പു കൂടാതെ **തമ്മിൽ അതിഥി സൽക്കാരം ആചരിപ്പിൻ**. "തമ്മിൽ" എന്നു അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് മറ്റു വിശ്വാസികളെ ഉദ്ദേശിച്ചാണ്, എന്നാൽ അതിഥിസൽക്കാരം എല്ലാവർക്കുമായിട്ടുള്ളതാണ്.

വീടുകളിൽ ക്രിസ്ത്യാനികൾ തമ്മിൽ തമ്മിൽ കാണിക്കുന്ന ദയവായിരിക്കാം ഒരുപക്ഷെ പത്രൊസിന്റെ മനസിൽ ഉണ്ടായിരുന്നത്. തന്റെ വായനക്കാരെ സാമൂഹ്യ ഇടപെടലുകൾ നന്നായിരിപ്പാൻ പ്രോൽസാഹിപ്പിക്കുന്നതാകാം ഈ നിർദ്ദേശം. എങ്ങനെയായാലും, അതിഥി സൽക്കാരം വെറും സാമൂഹ്യകാര്യത്തേക്കാൾ അധികമായിരുന്ന ഒരു സമയം ഉണ്ടായിരുന്നു. ഉപദേഷ്ടാക്കന്മാരും പ്രവാചകന്മാരും യാത്ര ചെയ്ത് സഭകളെ ഉത്തേജിപ്പിച്ചിരുന്നു. അത്തരം ഒരു ഉപദേഷ്ടാവായിരുന്നു ദെമെത്രിയോസ് (3 യോഹ. 12). പൗലൊസും സഹപ്രവർത്തകരും അങ്ങനെയായിരുന്നു പ്രവർത്തിച്ചിരുന്നത്. അവർ സേവിച്ചിരുന്ന സഭയുടെ പ്രോൽസാഹനവും പിന്തുണയും അവർക്ക് ആവശ്യമായിരുന്നു. കള്ളപ്രവാചകന്മാരും ജനത്തിനിടയിൽ ഉണ്ടായിരുന്നു (1 യോഹ. 4:1), അതുപോലെ ദുരുപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു (2 പത്രൊ. 2:1). അവരോട് അതിഥി സൽക്കാരം കാണിക്കുന്നത് അവരുടെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളികളാകുകയാണ് (2 യോഹ. 11).

പാശ്ചാത്യ സംസ്ക്കാരത്തിലെ സമൃദ്ധിയിലുള്ളതിനേക്കാൾ അതിഥി സൽക്കാരം പത്രൊസിന്റെ സാധുക്കളായിരുന്ന വായനക്കാർക്ക് അത്യാവശ്യമായിരുന്നു. രണ്ട് കാശ് നൽകുക എന്നത് ഒരു സാധുവായ ദരിദ്രക്ക് വളരെ വിഷമമുള്ള കാര്യമായിരുന്നു (മർ. 12:41–44). സമൃദ്ധിയുള്ളവർ സംഭാവന നൽകുന്നതുപോലെയായിരുന്നില്ല ദരിദ്രരായ പത്രൊസിന്റെ വായനക്കാർക്ക് അതിഥി സൽക്കാരം നൽകുക എന്നത്. എങ്ങനെയായാലും, നൽകാതിരിക്കുന്നതിനേക്കാൾ ഉള്ളത് നൽകുക എന്നത് സമാധാനഫലം ഉളവാക്കുന്നതു തന്നെയാണ്. **പിറുപിറുപ്പ് കൂടാതെ** ചെയ്യുവാനാണ് പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞത്. ക്രിസ്ത്യാനികൾ അന്യോന്യം നൽകുമ്പോൾ, ദൈവത്തിന് നൽകുന്നതാണ്. പിറുപിറുപ്പോ വിദ്വേഷമോ വെച്ചുകൊണ്ടുള്ള സംഭാവന ദൈവം ആഗ്രഹിക്കുന്നില്ല. സൗജന്യമായി നൽകുവാൻ കഴിയുന്നത് ധനികർക്കായി വെച്ചിരിക്കുന്ന കൃപയല്ല. ദരിദ്രന്മാർക്കു പോലും സൗജന്യമായും ഔദാര്യമായും നൽകുവാൻ കഴിയും (2 കൊ. 8:1, 2).

**വാക്യം 10**. പൗലൊസിനെ പോലെ (റോമ. 12:6–8; 1 കൊ. 12:7–11; എഫെ. 4:11) പത്രൊസും അവസരം കിട്ടുംപോലെ വിവിധ രീതിയിൽ സംഭാവന ചെയ്യുവാൻ തന്റെ വായനക്കാരെ ഓർപ്പിക്കുകയാണ്. ഒരു പ്രത്യേകമായ **വരം** ഒരു വ്യക്തിക്കു ലഭിച്ചതിനെ അപ്പൊസ്തലൻ *കരിസ്മാ* എന്നാണ്

വിളിച്ചത്. 1 കൊരിന്ത്യർ 12:4, 9–ൽ പൗലൊസ് ഇതേ വാക്ക് ഉപയോഗിച്ച് വരങ്ങൾ പരിശുദ്ധാത്മാവിൽ നിന്നാണ് ലഭിക്കുന്നത് എന്നു പറഞ്ഞിരിക്കുന്നു. ക്രിസ്ത്യാനികൾക്ക് രോഗികളെ സൗഖ്യമാക്കുവാനും, വിവിധ തരത്തിലുള്ള അത്ഭുതങ്ങൾ ചെയ്യുവാനും, പഠിക്കാതെ അന്യഭാഷയിൽ സംസാരിക്കുവാനും കഴിഞ്ഞിരുന്നു. പൗലൊസിൽനിന്നു വ്യത്യസ്തമായി പരിശുദ്ധാത്മാവിനെ കുറിച്ച് പത്രൊസ് ഒന്നും പറയുന്നില്ല. റോമർ 12:6–ൽ, പൗലൊസ് പരിശുദ്ധാത്മാവിനെ കുറിച്ച് പറയാതെ അതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു. റോമർ 12:6–8 വരെയുള്ള ഭാഗത്ത് പറയുന്ന ചില വരങ്ങൾ, പ്രവചനം പോലെയുള്ളവ അമാനുഷമാണ്, എന്നാൽ സേവനം, ഉപദേശം തുടങ്ങിയവ സ്വാഭാവികമാണ് എന്നു തോന്നുന്നു. നമുക്ക് മുമ്പിലെ വേദഭാഗത്ത്, ഒരാളുടെ വരങ്ങളെ കുറിച്ച് പറയുന്നത് സാധാരണ സ്വാഭാവിക വരങ്ങളെയാണ്, ഇവിടെ പറയുന്ന പ്രസംഗം അല്ലെങ്കിൽ സേവനം. തന്റെ വായനക്കാർക്ക് ഉണ്ടായിരുന്ന വരങ്ങളെ പ്രതിനിധീകരിച്ചാണ് അപ്പൊസ്തലൻ **ഓരോരുത്തന്നു ലഭിച്ചിരിക്കുന്ന** എന്ന വാക്കുകൾ സൂചിപ്പിക്കുന്നത്.

ആത്മാവിനാൽ നൽകുന്ന അസാധാരണ വരങ്ങളും സ്വാഭാവികമായ കഴിവുകളും തമ്മിൽ എളുപ്പം തിരിച്ചറിയാവുന്ന രീതിയിലല്ല പത്രൊസും പൗലൊസും സംസാരിച്ചിരിക്കുന്നത് എന്നു തോന്നുന്നു. പ്രത്യേകിച്ച് ഒരാളുടെ താലന്ത് ഉത്തരവാദിത്വത്തോടെ ഉപയോഗിക്കുന്ന കാര്യത്തിൽ. ഒരാൾക്ക് ഏതു വിധത്തിലുള്ള കഴിവുകൾ ദൈവത്തിൽനിന്നു ലഭിച്ചാലും അത് ദൈവമഹത്വത്തിനായി ഉപയോഗിക്കുകയാണ് വേണ്ടത്. **അന്യോന്യം സേവിക്കുന്നതിൽകൂടെയാണ്** അവയെ ദൈവമഹത്വത്തിനായി ഉപയോഗിക്കുന്നത് എന്നാണ് പത്രൊസ് പറഞ്ഞത്. “ഓരോരുത്തന്നു ലഭിച്ച” ദാനം അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. യേശു പഠിപ്പിച്ചതുപോലെ, നിങ്ങൾക്ക് സൗജന്യമായി ലഭിച്ചു-സൗജന്യമായി കൊടുപ്പിൻ (മത്താ. 10:8).

ദൈവത്തിൽനിന്നു ലഭിച്ച സ്വാഭാവിക കഴിവുകൾ, ക്രിസ്ത്യാനികൾ **നല്ല ഗൃഹവിചാരകന്മാരായി** ഉപയോഗിപ്പാനാണ് പത്രൊസ് പറഞ്ഞത്. ലൂക്കൊസ് 16:1–9 ൽ, ഒരു ഉപമയിൽ ഒരു ധനവാന് ഒരു “മാനേജർ” (എൻഏഎസ്ബി) ഉണ്ടായിരുന്നതായും അവന്ന് ധനവാൻ വലിയ ഉത്തരവാദിത്വങ്ങൾ ഏൽപിച്ചിരുന്നതായും പറയുന്നു. ലൂക്കൊസിൽ ഗ്രീക്ക് വാക്ക് *ഓയികോണോമോസ്* തർജ്ജിമ ചെയ്തതാണ് “കാര്യവിചാരകൻ”, അതേ വാക്ക് 1 പത്രൊസിൽ, “കാര്യവിചാരകൻ” എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. കാര്യവിചാരകനായിരുന്ന വ്യക്തി (സാധാരണ ദാസൻ) ധനവാന്റെ സമ്പത്ത് കൈകാര്യം ചെയ്തിരുന്നു. വിചാരകൻ കാര്യങ്ങൾ മാനേജ് ചെയ്യുന്നവനാണെങ്കിലും, കണക്ക് കൊടുക്കേണ്ടവനാണ്. തന്റെ വായനക്കാർ “നല്ല ഗൃഹവിചാരകന്മാർ” ആകുവാനാണ് പത്രൊസ് ആഗ്രഹിച്ചത്. അവരുടെ വിചാരണയിൽ കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ അവർ ശ്രദ്ധിക്കണം എന്നർത്ഥം. ദൈവം അവർക്ക് നൽകിയതിനെ അവർ എങ്ങനെ ഉപയോഗിച്ചു എന്നു ദൈവവത്തോട് കണക്ക് കൊടുക്കണം. തങ്ങൾക്ക് ലഭിച്ചിരിക്കുന്ന വരങ്ങൾ ബുദ്ധിയോടെ ഉപയോഗിക്കുവാനാണ് അപ്പൊസ്തലൻ അവരോട് പ്രബോധിപ്പിച്ചത്.

ക്രിസ്ത്യാനികൾക്ക് നൽകിയിരിക്കുന്ന സ്വാഭാവികമായ കഴിവുകളെ മൊത്തത്തിൽ പത്രൊസ് ദൈവത്തിന്റെ **ബഹുവിധമായ കൃപ** എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവം തന്റെ വരങ്ങളെ വിവിധ രീതിയിൽ ആളുകൾക്ക് നൽകുന്നതിനാണ് “കൃപ” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. പൗലൊ

സിന്, രക്ഷ തിരിച്ചറിഞ്ഞത് കൃപ മുഖാന്തരമായിരുന്നു (എഫെ. 2:8). ദൈവ കൃപ അന്തിമമമായി തിരിച്ചറിയുന്നതാണ് യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്നത്രെ പത്രൊസ് പറഞ്ഞത് (1:13). കർത്താവ് വരുന്നതുവരെ ദൈവ കൃപ വിവിധ രീതിയിൽ അനുഗ്രഹങ്ങളായി തന്റെ ജനത്തിന് പകർന്നു കൊടുക്കും. ഒരാൾ ദൈവ വചനം സംസാരിക്കുകയോ, അല്ലെങ്കിൽ അയൽക്കാരനെ സേവിക്കുകയോ ചെയ്യുമ്പോൾ, അയാൾ ദൈവത്തിന്റെ വരങ്ങൾ കരുണ യോടെ അനുഭവിക്കുകയും ഉപയോഗിക്കുകയുമാണ്. സഭ ഒരു ശരീരമായി പത്രൊസ് ചിത്രീകരിച്ചില്ലെങ്കിലും, മറ്റുള്ളവർ വരങ്ങളിൽ ആസ്വദിക്കുന്നത് കണ്ട് ഓരോ അംഗത്തിനും സന്തോഷിക്കുവാൻ കഴിയും. അതും ഒരുപക്ഷെ ഇവിടെ അന്തർലീനമാക്കിയിരിക്കാം. മറ്റൊരാൾ ആസ്വദിക്കുന്ന വരങ്ങൾ ഒരംഗത്തിനും തീർച്ചയുണ്ടായിരിക്കുകയില്ല, ആരും തന്റെ വരങ്ങളെ നിന്ദി ക്കുകയില്ല. വരങ്ങൾ ബഹുവിധമാണ്.

**വാക്യം 11.** ദൈവ ഭവനത്തിൽ പ്രത്യേക പ്രസംഗ ശുശ്രൂഷയുള്ളതായി അന്തർലീനമാക്കുന്നതാണ് **ഒരുത്തൻ പ്രസംഗിക്കുന്നു** എങ്കിൽ എന്ന പത്രൊസിന്റെ പ്രസ്താവന. മിക്ക ആളുകൾക്കും സംസാരിക്കുവാനുള്ള കഴി വുണ്ടാകും, പക്ഷെ എല്ലാവർക്കും സംസാരത്താൽ സഭയെ സേവിക്കുവാനു ള്ള കഴിവുണ്ടായിരിക്കുകയില്ല (യാക്കൊ. 3:1 നോക്കുക). ക്രിസ്ത്യാനികളുടെ വരങ്ങൾ വ്യത്യസ്തങ്ങളാണെന്ന് മുമ്പിലത്തെ വാക്യത്തിൽ അപ്പൊസ്തലൻ പറഞ്ഞു. ഒരാൾക്ക് സ്വാഭാവികമായി സംസാരിക്കുവാൻ കഴിയുമെങ്കിൽ, അത് ഉപയോഗിക്കണം. പരസ്യമായി ദൈവവചനം പ്രസംഗിക്കലായിരിക്കാം പത്രൊസ് ഉദ്ദേശിച്ചത്. ഒരുപക്ഷെ സഭ കൂടി വരുമ്പോൾ, സഭയുടെ മുമ്പാകെ സംസാരിക്കുന്നതുമാകാം. പ്രസംഗിക്കുന്നവർ തിരിച്ചറിയേണ്ട ഉത്തരവാദിത്ത മാണ് അപ്പൊസ്തലൻ **ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കട്ടെ** എന്നു പറഞ്ഞത് അർത്ഥമാക്കുന്നത്.

“അരുളപ്പാട്” (*ലോഗിയ*) എന്ന വാക്ക് തർജ്ജിമ ചെയ്തത് സാധാരണ ദൈവം പറയുന്നതിനെ സൂചിപ്പിക്കുന്നതിനാണ്. പ്രവൃത്തി 7:38 ലും, റോമർ 3:2 ലും, പഴയനിയമത്തിൽ ഉപയോഗിച്ച വാക്കാണുള്ളത്. ബൈബിളിലെ ശക്തിയും അധികാരവും അതേ രീതിയിലായിരിക്കുകയില്ല പ്രാസംഗികർ സഭയിൽ അവതരിപ്പിക്കുന്നത്. എങ്ങനെയായാലും, ക്രിസ്തീയ ഉപദേഷ്ടാ ക്കന്മാരും സുവിശേഷകന്മാരും ദൈവത്തിന്റെ വെളിപ്പാടിൽനിന്നാണ് പ്ര സംഗിക്കുവാൻ തിരഞ്ഞെടുക്കുന്നത്, വെളിപ്പാടിന്റെ നിലവാരം നിലനിർത്തി യാണ് അവതരിപ്പിക്കുന്നത്. അപ്പൊസ്തലൻ ക്രിസ്തീയ പ്രാസംഗികരുടെ ഉത്തരവാദിത്ത വ്യാപ്തി ഓർപ്പിക്കുകയാണ് ചെയ്യുന്നത്. പ്രാസംഗികന്മാർ പ്ര സംഗിക്കുമ്പോൾ, അപ്പൊസ്തോലിക സന്ദേശത്തോടൊപ്പം അവരുടെ വാക്കു കൾ സഭയെ ഉത്തേജിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന വാക്കുകളാണ് ഉപയോഗിക്കേണ്ടത്.

ശരീരത്തിന്റെ പണിക്കായി നൽകപ്പെട്ട വിവിധ വരങ്ങളുടെ ലിസ്റ്റ് പ ത്രൊസ് പറയുന്നതിനേക്കാൾ കൂടുതൽ പൗലൊസിന്റെ ലിസ്റ്റിലാണ്. വലിയ രണ്ട് തലവാചകത്തിൽ പത്രൊസ് പറയുന്നത് പ്രസംഗവും ശുശ്രൂഷയുമാണ്. ഓരോന്നിന്റേയും അടിയിൽ എങ്ങനെയായാലും, ആ വരങ്ങൾ ബഹുവിധ മായ രീതിയിൽ ആ വരങ്ങൾ പ്രദർശിപ്പിക്കാമെന്നും സുചിപ്പിക്കുന്നു. പ്ര സംഗത്തിൽ പരസ്യവും രഹസ്യവുമായ ഉപദേശവും, പ്രോൽസാഹനവും, പ്രാർത്ഥനയും, ഒരുപക്ഷെ പാട്ടും അടങ്ങിയിരിക്കാം. ഭാഷണത്തേക്കാൾ

കൂടുതൽ വിസ്തൃതമായ രീതിയിലാണ് ശുശ്രൂഷയെ പറഞ്ഞിരിക്കുന്നത്. **ശുശ്രൂഷിക്കുന്നവൻ ആരായാലും അത് ദൈവം നൽകുന്ന പ്രാപ്തിക്കനുസരിച്ചായിരിക്കണം നടത്തേണ്ടത്.** കരുണ കാണിക്കുന്നതും നൽകുന്നതും ശുശ്രൂഷയിൽ പെടുത്തിയാണ് പൗലൊസ് പ്രസ്താവിച്ചിരിക്കുന്നത് (റോമ. 12:8). എന്നാൽ ഒരാൾ ക്രിസ്തുവിനെ അനുകരിച്ച് ശുശ്രൂഷിക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ അതിൽ ഉൾപ്പെടുന്നു. ന്യായവിധിയെ കുറിച്ച് യേശു വലിയ ഒരു ചിത്രീകരണം മത്തായി 25:31–46 ൽ അവതരിപ്പിച്ചപ്പോൾ, വിശന്നവർക്ക് ആഹാരം കൊടുത്തതും, രോഗിയെ സന്ദർശിച്ചതും, നഗ്നനെ ഉടുപ്പിച്ചതും പറയുന്നു. ലൗകികമായ തറ തുടക്കലോ അല്ലെങ്കിൽ മനോഹരമായി രക്ത സാക്ഷിത്വ മരണം സ്വീകരിക്കുന്നതോ ശുശ്രൂഷയായി കണക്കാക്കാം.

ഒരാൾ ഭാഷണം നടത്തിയാലും ശുശ്രൂഷിച്ചാലും, ദൈവത്തിന്റെ കരുണാകരമായ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നത് എന്ന് ഓർക്കണം. അയാളുടെ ഭാഷണം ദൈവസന്ദേശപ്രകാരം ആയിരിക്കുകയും, ശുശ്രൂഷ "ദൈവം നൽകിയ പ്രാപ്തിക്കൊത്തവണ്ണം ആയിരിക്കുകയും വേണം." ദൈവം ആളുകളോട് കൽപിക്കുക മാത്രമല്ല, ശക്തീകരിക്കുകയും ചെയ്യും. ദൈവമാണ് ശക്തി നൽകുന്നത്. പൗലൊസ് എഴുതി, "താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്ക് അറിയാം. തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു" (ഫിലി. 4:12, 13). ഒരു വിശ്വാസി വരം ആസ്വദിക്കുന്നത് സ്വയ പുകഴ്ച്ചക്കായിട്ടല്ല. ഭാഷണം നടത്തുന്നയാൾ, "ദൈവത്തിന്റെ അരുളപ്പാടായിരിക്കണം പ്രസ്താവിക്കേണ്ടത്," ശുശ്രൂഷിക്കുന്നവൻ "ദൈവം നൽകുന്ന പ്രാപ്തിക്കനുസരിച്ചായിരിക്കണം" ശുശ്രൂഷിക്കുവാൻ, ഫലം **യേശുക്രിസ്തു മൂലം സകലത്തിലും മഹത്വപ്പെടുവാൻ ഇട വരേണം**. പുത്രൻ മുഖാന്തരമല്ലാതെ, പുകഴ്ച്ചയും മഹത്വവും ദൈവം സ്വീകരിക്കുകയില്ല. "പുത്രൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6; പ്രവൃ. 4:12 നോക്കുക).

പത്രൊസിന്റെ ലേഖനത്തിൽ ഈ ഭാഗം അവസാനിപ്പിക്കുന്നത് ഒരു ദൈവസ്തുതിയോടുകൂടിയാണ്. ഒരു ലേഖനത്തിന്റെ മദ്ധ്യത്തിൽ ദൈവസ്തുതി വരുന്നത് അസാധാരണമാണെങ്കിലും, കീഴ്‌വഴക്കമില്ലാത്തതല്ല. ദൈവത്തിന് ഔപചാരികമായി സ്തുതി ചുരുക്കി പറയുന്നതാണ് ദൈവസ്തുതി. പലപ്പോഴും അത് പറയുന്ന നിമിഷം തന്നെ പകുതി-ഊർജം പൊട്ടി പുറപ്പെടുന്ന രീതിയിലാണ് വരുന്നതെന്ന് തോന്നുന്നു. എന്നാൽ അവ വ്യത്യസ്ത രീതിയിലാണ് എന്നത് പരിഗണിക്കാവുന്നതാണ്. അവ ദൈവത്തിന്റെ മഹത്വവും, ശക്തിയും ബലവും യോഗ്യമാക്കുന്നതാണ്. സങ്കീർത്തനങ്ങളിൽ അവ പൊതുവായും, ബൈബിളിൽ ഉടനീളവും കാണാം. ലേഖകൻ തന്റെ ലേഖനം അവസാനിപ്പിക്കുമ്പോൾ ദൈവസ്തുതികൾ ഉപയോഗിക്കുന്നത് ഉചിതമാണ്, കാരണം എഴുത്തുകാരൻ പറയുവാനുള്ളത് പറഞ്ഞു തീർക്കുകയാണ് (റോമ. 16:27; ഫിലി. 4:20; 1 തിമൊ. 6:15, 16; 1 പത്രൊ. 5:11; 2 പത്രൊ. 3:18; യൂദാ. 24, 25). എങ്ങനെയായാലും, ചിലപ്പോൾ ലേഖകൻ ലേഖനം അവസാനിപ്പിക്കുന്നതിനു മുൻപ് തന്നെ സ്തുതി ഉപയോഗിക്കുന്നതായും കാണാം (റോമ. 11:36; എഫെ. 3:21). ലേഖനത്തിന്റെ മദ്ധ്യത്തിൽ ദൈവസ്തുതി പത്രൊസ് നടത്തുന്നത് അസാധാരണമാണെങ്കിലും കീഴ്‌വഴക്കമില്ലാത്തതല്ല. എങ്ങനെയായാലും, ഒരു പ്രത്യേക സ്ഥാനത്ത് ദൈവസ്തുതി ഉപയോഗിച്ചത് 1 പത്രൊസിനെ

സംബന്ധിച്ച് മറ്റൊരു ചോദ്യം ഉയർത്തുന്നു.

നാം മുൻപ് *മുഖവുരയിൽ* ശ്രദ്ധിച്ചതുപോലെ, 1 പത്രൊസ് ആരംഭിച്ചത് ഒരു ലേഖനത്തിൽനിന്നപ്പുറമായാണ് എന്ന് ചിലർ വിശ്വസിക്കുന്നു. അത് ഒരു ലേഖനമായി രൂപപ്പെടുത്തുന്നതിനു മുൻപ് സ്നാനപ്പെടുവാനിരിക്കുന്ന വർക്കോ അല്ലെങ്കിൽ സ്നാനമേറ്റ് അധികം കഴിയാത്തവർക്കോ വേണ്ടിയുള്ള തായിരുന്നു എന്ന് ചിലർ വിശ്വസിക്കുന്നു. രണ്ടാം-നൂറ്റാണ്ടിലെ സഭ സ്നാന പ്പെടുന്നവർക്കായി രൂപപ്പെടുത്തിയ കയ്യെഴുത്ത് പിന്നീട് ലേഖനമാക്കി മാറ്റി എന്നാണ് അവകാശപ്പെടുന്നത്. അതു കൂടുതൽ വിസ്തൃതമായി വായിക്കപ്പെ ടേണ്ടതിന്നു അവർ പത്രൊസിന്റെ പേർ എഴുതിയതാണെന്നും അവർ പറയു ന്നു. സ്നാനപ്പെടുന്നവർക്കായുള്ള കയ്യെഴുത്ത് പിന്നീട് 1 പത്രൊസ് 4:12–5:14 ൽ നിന്നെടുത്തതാണെന്ന് ചിലർ വാദിക്കുന്നു. അത് ശരിയാണെങ്കിൽ 1 പത്രൊസ് വന്നത് രണ്ട് രേഖകളിൽനിന്നാണ്, ഒന്ന് അത് സ്നാനാർത്ഥികൾക്കായുള്ള ഉപകരണ രേഖ പിന്നീട് ലേഖനമായി രുപപ്പെടുത്തിയത് (1:3–4:11), രണ്ടാമ ത്തേത് ശരിയായ ലേഖനവും (4:12–5:14). അത്തരം വിവേചനം ലേഖനത്തിന്റെ ഒരു ഭാഗം പത്രൊസ് തന്നെ എഴുതി എന്ന വാദത്തെ തള്ളിക്കളയുന്നതാണ്.

ആ സിദ്ധാന്തത്തെ തള്ളിക്കളയുവാൻ മതിയായ കാരണങ്ങളുണ്ട് (ഈ പു സ്തകത്തിൽ ആദ്യം വന്ന **മുഖവുര** നോക്കുക). അപ്പോഴും, ആ സ്ഥാനത്ത് ദൈവസ്തുതി വന്നത്, ലേഖനത്തിന്റെ ഐക്യതയെ ചോദ്യം ചെയ്യുന്നതാണ്. കൂടാതെ, പത്രൊസ് 4:12-ൽ ക്രിസ്തീയ കഷ്ടതയുടെയും ഊർജ്ജ നവീക രണത്തെയും ആണ് കൈകാര്യം ചെയ്യുന്നത്. ഒരു ലേഖനത്തിന്റെ ഘടന വിശദമാക്കുവാൻ രണ്ട് വ്യത്യസ്ത രേഖകൾ നൽകുന്നത് ഊഹിക്കുവാൻ തന്നെ പ്രയാസമാണ്. ദൈവസ്തുതി ഇടക്ക് നൽകി പത്രൊസ് ഒരുപക്ഷെ ലേഖനത്തിൽ ഇടക്ക് നിർത്തിയതായിരിക്കാം. ഒരുപക്ഷെ അവൻ തന്റെ വായ നക്കാരുടെ കഷ്ടതയിലേക്ക് മടങ്ങി വരുന്നത് ഏതാനും മണിക്കൂറുകൾക്ക് ശേഷമോ അല്ലെങ്കിൽ ഏതാനും ദിവസങ്ങൾക്ക് ശേഷമോ ആയിരിക്കാം. അത്തരം ഏർപ്പാട് തീർച്ചയായും തള്ളിക്കളയാനാവുന്നതല്ല.

1 പത്രൊസിന്റെ ലേഖനം രണ്ട് രേഖകളിൽനിന്ന് രൂപപ്പെട്ടതാണെന്ന് അംഗീകരിച്ചില്ലെങ്കിൽ പോലും, 4:11 ഉം 4:12 ഉം തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ടെന്ന് നാം സമ്മതിച്ചേക്കാം. ഈ സമയത്ത് നിർത്തിക്കളയാമെന്ന് അപ്പൊ സ്തലൻ വിചാരിച്ചിരുന്നേക്കാം. സന്ദേശവാഹകൻ ലഭ്യമാകുന്നതനുസരിച്ച് കൊടുത്തയക്കാമെന്ന് കരുതി ലേഖനം മാറ്റി വെച്ചേക്കാം. അങ്ങനെ ഏതാനും ദിവസങ്ങളും ആഴ്ച്ചകളും കടന്നു പോയിരിക്കാം. അതിനിടയിൽ, ലേഖനം കൊടുത്തയക്കുന്നതിനു മുൻപ്, തന്റെ വായനക്കാർ വീണ്ടും കൂടുതൽ കഷ്ട തയനുഭവിക്കുന്നതായി വിവരം ലഭിച്ചിരിക്കാം. റോം ക്രിസ്ത്യാനികൾക്കെതി രായി ആരംഭിച്ച ആക്രമണം മോശമായി തീർന്നിരിക്കാം. തന്റെ വായനക്കാർ ഏറ്റവും മോശമായ ഉപദ്രവം നേരിട്ടു എന്നു പത്രൊസ് മനസിലാക്കിയത് ഒരുപക്ഷെ നീറോയ്ക്ക് ക്രിസ്ത്യാനികളോടുണ്ടായ വെറുപ്പും പൗലൊസിനെ തൂക്കി ക്കൊന്നതും ആയിരിക്കാം എന്ന് ആൻഡ്ര്യൂ എഫ്. വാൾസ് പറഞ്ഞിരി ക്കുന്നു. പുതിയ വിവരങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പൊസ്തലൻ പിന്നീട് ഇരുന്ന് എഴുതിയതാണ് 4:12–5:14 എങ്കിൽ, അടിയന്തരാവസ്ഥ വ്യക്ത മാക്കുന്നതാണ് താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ.[10]

## പ്രായോഗികത

### ഒരു വീക്ഷണ കാര്യം (4:7-11)

ഒരു പ്രാഥമിക വിദ്യഭ്യാസസ്ഥാപനത്തിലെ അദ്ധ്യാപിക തന്റെ ജോലി കഴിഞ്ഞ്, തന്റെ അഞ്ചു-വയസ്-പ്രായമുള്ള മകളുമായി വീട്ടിലേക്ക് പോകുക യായിരുന്നു. മറുവശത്തുള്ള തെരുവിൽകൂടെ ഒരു കാർ പാഞ്ഞ് നിർത്തുവാൻ വെച്ചിരിക്കുന്ന ബോർഡിനടുത്തെത്തിയ അമ്മയെയെയും മകളെയും ഇടിച്ചു തെറിപ്പിച്ചു. അദ്ധ്യാപിക ഉടനെ മരിച്ചു. കുട്ടി ഗുരുതരമായി പരുക്കുകളേറ്റ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. പതിനെട്ടു-വയസായ ഒരാളായിരുന്നു കാറോടിച്ചിരുന്നത്. കാറിൽ ഉണ്ടായിരുന്ന നാല് പേരും ഓടിച്ചിരുന്ന ആളും മദ്യപിച്ചിരുന്നു.

അത്തരം വാർത്തകൾ വായിക്കുമ്പോൾ വികാരങ്ങളുടെ പ്രവാഹമായി രിക്കും ഉണ്ടാകുക-സങ്കടം, ധാർമ്മികരോഷം, പരിഭ്രമം, നിസഹായത, കോപം. ആ നിരപരാധിയായ സ്ത്രീയെ മാരകമായി കൊലപ്പെടുത്തിയതിനും ഒരു കുഞ്ഞിനെ അമ്മയില്ലാതാക്കിയതിനും നീതി ലഭ്യമാകണം എന്നു നാം ആഗ്ര ഹിക്കും. അതിനുത്തരവാദിയായവരെ ദീർഘകാലം തുറുങ്കിലടക്കണമെന്നും നാം ആഗ്രഹിക്കും.

ഈ അപകടം നടന്ന് മണിക്കൂറുകൾക്ക് ശേഷം ടൗണിൽ മറ്റൊരു അപ കടം നടന്നു. ഒരു അപ്പനും അമ്മയും തങ്ങളുടെ വാതിൽക്കൽ ഒരു മുട്ടുകേട്ടു വാതിൽ തുറന്നപ്പോൾ, പൊലീസുകാരായിരുന്നു. അവരുടെ മകനോ മകളോ ഒരു ബോർഡിനടുത്ത് വെച്ച് അപകടമുണ്ടാക്കി. അനന്തരഫലം അത്യാപ ത്തായിരുന്നു. മദ്യമായിരുന്നു അവിടെയും വില്ലൻ. ഒരു യുവതിയായിരുന്ന അമ്മ കൊല്ലപ്പെട്ടു.

വീക്ഷണം അനുസരിച്ച് അപകടങ്ങൾ വ്യത്യസ്തമാണ്, ആ സംഭവ ത്തിലെ മൂന്ന് ആളുകളെ ഒന്നു നോക്കുക: (1) തന്റെ ഭാര്യയും മകളും വീട്ടി ലേക്ക് വരുന്നത് നോക്കിയിരുന്ന ഭർത്താവ്, (2) പതിനെട്ട്-വയസ്-മാത്രം പ്രാ യമുള്ള മകന് ഓടിക്കുവാൻ കാർ കൊടുത്ത മാതാപിതാക്കൾ (3) ഞാൻ, പ്രഭാത വർത്തമാന പത്രമെടുത്ത്, അവിശ്വസനീയമായ ഈ വാർത്തകൾ വായിക്കുന്നു. എങ്ങനെ ഓരോരുത്തരും ഉൾപ്പെട്ടിരിക്കുന്നു എന്നതനുസരിച്ച് അപകടങ്ങളെ വ്യത്യസ്തമായാണ് കാണുന്നത്.

1 പത്രൊസ് 4:7-11 ൽ, അപ്പൊസ്തലന്റെ സന്ദേശം വീക്ഷണത്തെ കുറിച്ചാ ണ്. പത്രൊസിന്റെ ആദ്യ വായനക്കാർ ധാരാളം പ്രയാസങ്ങൾ നേരിട്ടിരുന്നു. ക്രിസ്തുവിനെ കർത്താവായി ഏറ്റു പറഞ്ഞ അയൽക്കാരും സ്നേഹിതരും അവരുടെ ജീവിതം കുഴപ്പം നിറഞ്ഞതായിരുന്നു. അവരുടെ സ്നേഹിത ന്മാർക്ക് മനസിലായില്ല. ആദ്യം, അവർ ധാർമ്മിക രോഷാകുലരായി, പിന്നെ പാലസ്തീനിലെ യെഹൂദന്മാർ പരിചയപ്പെടുത്തിയ പുതിയ ദൈവത്തെ പരി ഹസിച്ചു. അവർ ക്രിസ്ത്യാനികളുടെ ജീവിതം ദുസഹമാക്കിത്തീർത്തു. അത് സത്യമാണെന്ന് എല്ലാവരും അറിഞ്ഞിരുന്നതായി പത്രൊസ് പറഞ്ഞു: "ദുർന്ന ടപ്പിന്റെ അതേ കവിച്ചലിൽ നിങ്ങൾ അവരോട് ചേർന്നു നടക്കാതിരിക്കുന്നത് അപൂർവ്വം എന്നു വെച്ച് അവർ ദുഷിക്കുന്നു" (1 പത്രൊ. 4:4).

അവരുടെ വേദനയും ത്യജിക്കപ്പെട്ടതും പരിശോധിക്കുവാനാണ് തന്റെ വായനക്കാരോട് പത്രൊസ് പറഞ്ഞത്. പരദേശികൾ എന്ന നിലയിലായിരുന്നു ക്രിസ്ത്യാനികൾ തങ്ങളുടെ അനുഭവങ്ങളെ വീക്ഷിച്ചത്. ലോകത്തുള്ളവർ മറ്റു

ള്ളവരോട് സമീപിക്കുന്നതിൽനിന്നു വ്യത്യസ്തമായിട്ടാണ് ക്രിസ്ത്യാനികൾ കാര്യങ്ങളെ സമീപിച്ചിരുന്നത്. ലോകത്തെ സ്നേഹിക്കുന്നവർ ഈ യുഗത്തിനുള്ളവരാണ്; ക്രിസ്ത്യാനികൾ അവയിൽകൂടെ കടന്നുപോകുന്നവരാണ്. ശേഷിച്ച മനുഷ്യർ ആരും അങ്ങനെ കാണുന്നില്ല എന്ന് അവർക്ക് അറിയാം.

(1) *"സകലത്തിന്റേയും അവസാനം അടുത്തിരിക്കയാൽ" ക്രിസ്ത്യാനികളുടെ വീക്ഷണം വ്യത്യസ്തമായിരിക്കുന്നു* (1 പത്രൊ. 4:7). "ചിലപ്പോൾ, അല്ലെങ്കിൽ കർത്താവ് മടങ്ങി വരുമായിരിക്കും. അത് അത്ര അത്യാവശ്യ കാര്യമല്ല. അതെല്ലാം മറന്ന് നമുക്ക് നമ്മുടെ കാര്യങ്ങളിൽ വ്യാപൃതരാകാം" എന്ന് അല്ല അപ്പൊസ്തലൻ പറഞ്ഞത്. കർത്താവ് മടങ്ങി വരും എന്നു പറയുന്നതും അവൻ വേഗം വരും എന്നു പറയുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. അപ്പൊസ്തലനും അവന്റെ വായനക്കാരും താൽപര്യത്തോടെയാണ് കാത്തിരുന്നത്. ശ്രദ്ധിക്കാതെ തള്ളിക്കളയാവുന്ന സാധാരണ വിഷയമായിരുന്നില്ല കർത്താവിന്റെ മടങ്ങി വരവ്.

പുതിയനിയമ എഴുത്തുകാരുടെയെല്ലാം പൊതുവായ കാഴ്ച്ചപ്പാടായിരുന്നു സകലത്തിന്റേയും അവസാനം അടുത്തിരിക്കുന്നു എന്നത്: "നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു" (യാക്കൊ. 5:8). "ആകയാൽ നാളും നാഴികയും അറിയായ്കയാൽ ഉണർന്നിരിപ്പിൻ" (മത്താ. 25:13). കർത്താവിന്റെ വരവ് ആസന്നമെന്നുള്ള വിശ്വാസം നിമിത്തമായിരുന്നു ക്രിസ്ത്യാനികൾ വ്യത്യസ്തമായി ജീവിച്ചത്. അതാണ് ഇവിടെ പത്രൊസ് പറയുന്നത്. കർത്താവ് വരുമെന്ന് വിശ്വസിക്കുന്നതും കർത്താവ് വേഗം വരുമെന്നു വിശ്വസിക്കുന്നതും തമ്മിൽ അന്തരമുണ്ട്.

കർത്താവ് മടങ്ങി വരുമെന്ന് എല്ലാവരും വിശ്വസിക്കുന്നില്ല. തങ്ങൾക്ക് അറിയാവുന്ന ഈ ഭൗതിക ലോകം മാത്രമെയുള്ളു എന്നാണ് ചിലരുടെ വിശ്വാസം. പ്രപഞ്ചത്തിൽ വസ്തുവും ചലനവും മാത്രമെയുള്ളു എന്നാണ് ഭൗതികവാദികളുടെ വിചാരം. അവരുടെ വിശ്വാസം അനുസരിച്ചാണ് അവർ ജീവിതം നയിക്കുന്നതെങ്കിൽ, അവർ നിലനിൽക്കുമ്പോൾ തന്നെ രണ്ട് കാര്യങ്ങൾ കണ്ടെത്തുവാനാണ് സാധ്യത. (1) ചില ഭൗതികവാദികൾ രോഗബാധിതരാണ്. ജീവിതം എന്നത് പ്രപഞ്ച തമാശയാണ്. ചെറിയ കാര്യങ്ങൾ തങ്ങൾക്ക് വേണ്ടി രൂപപ്പെടുത്തുന്നു എന്നതൊഴിച്ചാൽ ജീവിതത്തിന് വലിയ അർത്ഥമില്ല. (2) മറ്റുള്ളവർ ദോഷം മാത്രം കാണുന്നവരാണ്. "തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ നാം ചാകുമല്ലോ" എന്നതാണ് അവരുടെ തത്വം (1 കൊ. 15:32). എത്രത്തോളം രസിക്കാമോ എന്നതനുസരിച്ചാണ് ജീവിതത്തിലെ വിജയം.

രോഗബാധ കൂടാതെ ജീവിതം പത്രൊസിന് ഗൗരവമുള്ളതായിരുന്നു; നിഷ്പ്രയോജനം കൂടാതെയുള്ള സന്തോഷമാണ് അത്. കർത്താവ് മടങ്ങി വരുന്നത് ലോകത്തെ ന്യായം വിധിക്കുവാനാകകൊണ്ട് "ആരോഗ്യകരമായി വിധിക്കുവാനാണ്" അപ്പൊസ്തലൻ പറഞ്ഞത്. നാം എന്തു പറയുന്നു, എന്തു ചെയ്യുന്നു എന്നു ശ്രദ്ധിക്കണം. മനുഷ്യന്റെ തിരഞ്ഞെടുപ്പും പ്രവൃത്തികളും കാര്യമുള്ളതാണ്. അതുകൊണ്ട് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കണം.

യെഹൂദ മതത്തിലും ഇസ്ലാം മതത്തിലും ഓരോ ദിവസവും പ്രാർത്ഥനക്കായി സമയം നിശ്ചയിച്ചിരിക്കുന്നു. മുസ്ലിം രാജ്യങ്ങളിൽ പ്രാർത്ഥനാ സമയങ്ങളിൽ പ്രത്യേകനാദം മുഴക്കി വിശ്വസ്തരെ പ്രാർത്ഥനക്കായി ഓർപ്പിക്കും. ഉച്ചഭാഷണിയിൽകൂടെ ആ ശബ്ദം മുഴങ്ങി കേൾക്കുമ്പോൾ ടൗണുകളിലും

മറ്റും ചിതറി കഴിയുന്നവർ ആ സമയത്ത് എവിടെയായിരുന്നാലും മറ്റു പ്രവൃത്തികൾ നിർത്തി പ്രാർത്ഥനക്ക് തയ്യാറാകും. ക്രിസ്ത്യാനികൾക്ക് പ്രത്യേകമായ പ്രാർത്ഥനാ സമയങ്ങളില്ല. ക്രിസ്ത്യാനികൾ എപ്പോഴും പ്രാർത്ഥിക്കുന്നവരാണ് (1 തെസ്സ. 5:17). കർത്താവിന്റെ മടങ്ങി വരവ് വിശ്വാസികളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതാണ് ക്രിസ്ത്യാനികളുടെ വീക്ഷണം. ജീവിതം ഗൗരവമുള്ളതായതിനാലും, സകലത്തിന്റേയും അവസാനം അടുത്തിരിക്കയാലും, യേശു സ്വർഗത്തിൽ വാഴുന്നതിനാലും അവർ പ്രാർത്ഥിക്കുന്നു.

(2) *അന്യോന്യം ഓരോരുത്തരേയും സ്നേഹിപ്പാനും കൈക്കൊൾവാനും അവർക്ക് കഴിയുന്നത്, പരദേശികളായ ക്രിസ്ത്യാനികൾക്ക് കർത്താവ് വേഗം വരുമെന്ന് അറിയാമെന്നതിനാലാണ്.* “സകലത്തിന്നും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ” (1 പത്രൊ. 4:8). ഒരു സഹോദരൻ ദുർന്നടപ്പുകാരനോ, അല്ലെങ്കിൽ നുണയനോ, കള്ളനോ ആയാൽ അതിനെ കണ്ടില്ലെന്നു നടിക്കണമെന്നല്ല പത്രൊസ് പറഞ്ഞത്. ക്രിസ്ത്യാനികൾ അന്യോന്യം കണക്ക് ബോധിപ്പിക്കേണ്ടവരാണ്. പാപത്തിനായി ക്ഷണിക്കുന്നതായിരുന്നില്ല പത്രൊസിന്റെ വാക്കുകൾ. ശ്രദ്ധയില്ലാത്ത സംസാരവും പെരുമാറ്റവും ക്രിസ്ത്യാനികൾ കാര്യമാക്കരുത് എന്നുമല്ല പറയുന്നത്. ഒരാൾ ചെയ്യുന്ന പാപത്തെ മറെച്ചുവെക്കുവാൻ ആർക്കും അവകാശവുമില്ല.

ആളുകൾ അന്യോന്യം സ്നേഹിക്കുമ്പോൾ, സ്വാർത്ഥതക്കുവേണ്ടി പാപങ്ങളെ മറെക്കുന്ന രീതി ഒഴിവാക്കണം എന്നാണ് പത്രൊസ് പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാർ അന്യോന്യം അസഹ്യപ്പെടുത്തരുത്. അവർ യോജിച്ച് പാപിയെ ആ ലജ്ജയിൽനിന്നു പുറത്തു കൊണ്ടുവരണം. അവർ അവന് എതിരായി തീരുകയല്ല; അവർ അവന്റെ വശത്തായിരിക്കണം. വീക്ഷണം വിശ്വാസത്തിന്റെ മറുവശത്തായിരിക്കരുത്.

“സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറക്കുന്നു” എന്നു പത്രൊസ് പറഞ്ഞതിനർത്ഥം ക്രിസ്ത്യാനികൾക്ക് പരസ്പരം ഉണ്ടാകേണ്ട മനോഭാവത്തെയാണ് അപ്പൊസ്തലൻ പറയുന്നത്. ഒരു സഹോദരനോ സഹോദരിയോ ചെയ്യുന്നതിനെ ശരിയായ ഉദ്ദേശത്തോടെയാണ് വീക്ഷിക്കേണ്ടത് എന്നർത്ഥം. ഒരു സഹോദരനോ സഹോദരിയോ സംസാരിക്കുമ്പോൾ, അത് മറ്റൊരാളോട് സംസാരിക്കുമ്പോൾ ഇടർച്ചയായി തീരുമെങ്കിലും, നാം അവരോട് ദയവായി ഇടപെടണം. മറ്റൊരാൾ യേശു ദൈവപുത്രനാണെന്നും അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നും ഏറ്റു പറഞ്ഞുകഴിഞ്ഞാൽ-ഒരിക്കൽ യേശുവുമായുള്ള ബന്ധത്തിൽ നാം ആയിക്കഴിഞ്ഞാൽ-ഞാൻ അയാളെ വ്യത്യസ്തമായാണ് കാണേണ്ടത്. അയാളുടെ ലക്ഷ്യത്തെ ഞാൻ വിധിക്കുന്നത് സാവകാശത്തിലായിരിക്കും. അദ്ദേഹത്തിന്റെ നല്ല ഗുണങ്ങളെ അതിവേഗത്തിലായിരിക്കും അഭിനന്ദിക്കുക. ഈ വിഷയത്തിൽ പൗലൊസോ അല്ലെങ്കിൽ പത്രൊസോ ഒരിക്കലും മടുത്തു പോയിരുന്നില്ല: “ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക” (ഗലാ. 6:10); “സ്നേഹം ദീർഘമായി ക്ഷമിക്കയും, ദയ കാണിക്കയും ... ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നുമില്ല ...” (1 കൊ. 13:4, 5).

(3) *അവർക്ക് തമ്മിൽ എല്ലാ വ്യത്യാസവുമുണ്ടെങ്കിലും, തമ്മിൽ തമ്മിൽ ബഹുമാനിക്കുവാൻ ശീലിച്ചതുകൊണ്ട് ക്രിസ്ത്യാനികളുടെ വീക്ഷണം വ്യത്യസ്തമാണ്. നമ്മൾ എല്ലാവരും ഒരുപോലെയല്ല.* ദൈവം നമുക്ക് വ്യത്യസ്തമായ വരങ്ങളാണ് നൽകിയിരിക്കുന്നത്. പത്രൊസ് എഴുതി,

> ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ. ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്ന പോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നൽകുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ ... (1 പത്രൊ. 4:10, 11).

നമുക്ക് എല്ലാവർക്കും വ്യത്യസ്തമായ മനോഭാവങ്ങളാണുള്ളത്. ചിലർ ചീത്തവൃത്തിയുള്ളവരായിരിക്കും; മറ്റുള്ളവർ സംസാരപ്രിയരായിരിക്കും; വെറെ ചിലർ, പെട്ടെന്ന് തീരുമാനമെടുക്കുന്നവരായിരിക്കും; മറ്റുള്ളവർ ഉറപ്പുള്ളവരും വിശ്വസിക്കാവുന്നവരുമായിരിക്കും. ക്രിസ്ത്യാനികൾ തങ്ങളുടെ കർത്താവിനെ അറിഞ്ഞുകൊണ്ടാണ് വരുന്നതെങ്കിൽ, അവർ തങ്ങളുടെ സഹ വിശ്വാസികളോട് ആരോഗ്യകരമായ സ്നേഹത്തിൽ ഇടപെടും. ഒരാൾ നന്നാകുമെന്നറിഞ്ഞ്, ആ വ്യക്തിയിൽനിന്ന് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുന്നത് നോക്കി ശിഷ്യന്മാർ തമ്മിൽ തമ്മിൽ സ്നേഹത്തിൽ ഉറ്റിരിക്കണം. അത് പാപക്ഷമാപണം പോലെയല്ല. തെറ്റുകൾ ഉണ്ടെങ്കിലും സ്നേഹിക്കുകയാണ് വേണ്ടത്.

തങ്ങളേക്കാൾ മറ്റുള്ളവർക്ക് വ്യത്യസ്തമായ വരങ്ങൾ ഉള്ളതുകൊണ്ട് അന്യോന്യം ബഹുമാനിക്കുവാൻ കഴിയുന്നതുകൊണ്ട് വിശ്വാസികൾക്ക് നന്ദിയുള്ളവരായിരിപ്പാൻ സാധിക്കുന്നതിനെ പുതിയ നിയമത്തിൽ അടിക്കടി പറയുന്നു (1 കൊ. 12:12, 13 നോക്കുക). അസാധ്യമായത് ഒന്നും സ്നേഹം നമ്മിൽനിന്നും ആവശ്യപ്പെടുന്നില്ല. ഒരേ വ്യക്തികളുടെ തന്നെ കൂട്ടു വേണമെന്ന് അത് ആവശ്യപ്പെടുന്നില്ല. മറ്റുള്ളവരേക്കാൾ നമ്മിൽ ചിലത് പൊതുവായിട്ടുണ്ട്. ക്രിസ്ത്യാനികൾ അന്യോന്യം കുറ്റപ്പെടുത്തുന്നവരല്ല. പ്രത്യേകിച്ച് അവർ നമുക്ക് പ്രിയപ്പെട്ടവരാണ്. നാം വലിയവരാകുവാനാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. നാം എല്ലാവരേയും ബഹുമാനിക്കുവാനും, എല്ലാ സഹോദരീസഹോദരന്മാരോടും ദയ കാണിക്കുവാനും, ഇടർച്ച വരുത്താതെയും വിമർശിക്കാതെയും ഇരിക്കണം.

പത്രൊസ് അടിവരയിട്ടു പറയുന്നത് ഇതാണ്. നമ്മുടേതിനേക്കാൾ ദൈവത്തിന്റെ മഹത്വത്തിനാണ് പ്രാധാന്യം. നമ്മുടെ വികാരം വ്രണപ്പെട്ടേക്കാം. നമുക്ക് അതിനെ അതിജീവിക്കുവാൻ കഴിയും. നമുക്ക് ഇഷ്ടപ്പെടാത്ത കാര്യം പറഞ്ഞ പുരുഷനായാലും സ്ത്രീയായാലും നല്ല വ്യക്തിയാണ്. അവരുടെ ജീവിതത്തിൽ നന്മയുണ്ട്. "എല്ലാറ്റിലും ദൈവം യേശുക്രിസ്തു മുഖാന്തരം മഹത്വപ്പെടുവാൻ ഇട വരട്ടെ. മഹത്വവും ബലവും എന്നേക്കും അവനുള്ളത് ആമേൻ" എന്നതായിരിക്കണം ക്രിസ്ത്യാനിയുടെ ലക്ഷ്യം (1 പത്രൊ. 4:11).

*ഉപസംഹാരം.* എന്നെയും നിങ്ങളെയും കുറിച്ചുള്ളതല്ല സഭ. അത് ദൈവത്തെയും അവന്റെ മഹത്വത്തെയും കുറിച്ചുള്ളതാണ്. ക്രൂശ് നിമിത്തം നിങ്ങളുടെയും എന്റെയും പാപങ്ങളെ യേശുവിന് മറെക്കുവാൻ കഴിയുമെങ്കിൽ, നമുക്കും മറ്റുള്ളവരുടെ പാപങ്ങളെ മറെക്കുവാൻ കഴിയും. നമ്മുടെ ജീവിതത്തിലെ നിരവധി കാര്യങ്ങൾ നമുക്ക് അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും. അന്യോന്യം തെറ്റുകൾ പൊറുക്കണം എന്നു പറയുമ്പോൾ, നമ്മുടെ തെറ്റുകളെ കുറിച്ച് ആരും ഒന്നും നമ്മോട് പറയരുത് എന്നല്ല അർത്ഥം. ഒരു സഹോദരനോ സഹോദരിയോ, നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ ഏതെങ്കിലും

വശത്ത് നമുക്ക് വീഴ്ച്ച സംഭവിച്ചതിനെ സ്നേഹത്തോടും ബഹുമാനത്തോടും സൂചിപ്പിക്കുന്നതിനെ നാം സഹിഷ്ണുതയോടെ സ്വീകരിക്കണം. സ്നേഹം പാപങ്ങളുടെ ബഹുത്വം മറെക്കുന്നു എന്നു പറയുന്നത്, ആരെങ്കിലും നമ്മുടെ കുറവുകൾ പരിഹരിക്കുവാൻ വരുന്നതിനെ എതിർക്കുക എന്നതല്ല.

---

കുറിപ്പുകൾ

[1]വെയിൻ ഏ. ഗ്രുഡെം, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പീറ്റർ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി,* ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, വാല്യം. 17 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988), 167. [2]മദ്ധ്യ രണ്ടാം-നൂറ്റാണ്ടിലെ എഴുത്തുകാരനായിരുന്ന എയിലിയസ് അരിസ്റ്റൈഡ്സ് തന്റെ കാലത്തെ തത്വചിന്തകന്മാർക്കെതിരെ തോക്കെടുത്ത ശേഷം പുതിയ മതമായ ക്രിസ്ത്യാനിത്വത്തിനെതിരെയും തിരിഞ്ഞു. തത്വചിന്തകരെ കുറിച്ച് അയാൾ പറഞ്ഞു, “അവരുടെ പെരുമാറ്റം പാലസ്തീനിലെ ദുഷണക്കാരെ പോലെയാണ്. അവരും, കൂടെ, [അതായത് ക്രിസ്ത്യാനികളും] അവരുടെ ഭക്തിയില്ലായ്മ കാണിക്കുന്നത്, അവരേക്കാൾ ഉയർന്നവരെ അംഗീകരിക്കാതിരിക്കുകയും, യവനക്കാരിൽനിന്നും മറ്റു നല്ലവരിൽനിന്നും, അവർ വേറിട്ടാണ് ജീവിച്ചിരുന്നത്.” (അയെലിയസ് അരിസ്റ്റൈഡ്സ്, 46). അപ്പൊസ്തലൻ പറഞ്ഞ അതേ കാരണത്താലാണ് അയെലിയസ് അരിസ്റ്റൈഡ്സ് ക്രിസ്ത്യാനികൾക്കെതിരെ അവമാന കൂമ്പാരം ഉയർത്തുവാൻ കാരണം: “ദുർന്നടപ്പിന്റെ അതേ കവിച്ചലിൽ നിങ്ങൾ അവരോട് ചേർന്നു നടക്കാതിരിക്കുന്നതു” നിമിത്തം (1 പത്രൊ. 4:4; കെജെവി). [3]ലിയോൺ മോറിസ്, *ദ ബിബിളിക്കൽ ഡോക്ട്രിൻ ഓഫ് ജഡ്ജ്മെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 72. [4]ജോൺ മുറേ, *പ്രിൻസിപ്പിൾസ് ഓഫ് കൺഡക്ട്: ആസ്പെട്സ് ഓഫ് ബിബിളിക്കൽ എതിക്സ്* (ലണ്ടൻ: ടിൻഡേൽ പ്രസ്, 1957), 72. [5]നോക്കുക, 1:13 ന്റെ പരാമർശം. [6]ജെ.എൻ.ഡി. കെല്ലി, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ഓഫ് പീറ്റർ, ആന്റ് ഓഫ് ജൂഡ്*, ബ്ലാക്സ്, ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ലണ്ടൻ: ആഡം ആന്റ് ചാൾസ് ബ്ലാക്ക്, 1969), 176. [7]ഇത് ശരിയായ ഉപദേശത്തെ നിസാരമാക്കുകയല്ല. ശരിയായ ഉപദേശം ഗലാത്യയിലെ ക്രിസ്ത്യാനികൾക്ക് ആയിരുന്നു ആവശ്യം. 2 പത്രൊസിന്റെ ലേഖനത്തിൽ പറഞ്ഞ അവിശ്വാസികൾക്കും അത് ആവശ്യമായിരുന്നു. [8]ഈ വീക്ഷണത്തെ കെല്ലി പിന്താങ്ങുന്നു (കെല്ലി, 178). [9]ഈ വിധത്തിലായിരുന്നു ആ വേദഭാഗത്തെ കുറിച്ച് രാംസെ മൈക്കിൾസ് മനസിലാക്കിയത് (ജെ, രാംസെ. മൈക്കിൾസ്, 1 *പീറ്റർ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 49 [വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1988], 247.) [10]അലെൻ എം. സ്റ്റിബ്സ് ആന്റ് ആൻഡ്രു ഈ. വാൾസ്, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ജെനെറൽ ഓഫ് പീറ്റർ*, ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1959), 57.